ജൂനിയർ ടെക്ക്നിക്കൽ സ്കൂളുകൾ.

101. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര ജൂനിയർ ടെക്ക്നിക്കൽ സ്കൂളുകൾ ഉണ്ട് ; എവിടെല്ലാം ;

(ബി) ഓരോ സ്കൂളിലും പഠിക്കുന്ന കുട്ടികൾ എത്ര ;

(സി) അവരുടെ ജാതി തിരിച്ചുള്ള പട്ടിക മേശപ്പുറത്ത് വയ്ക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം.

(എ, ബി, സി) ഈ വിവരങ്ങൾ കാണിക്കുന്ന സ്റ്റേറ്റുമെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

Presentation of Report

FIFTH REPORT OF THE COMMITTEE ON PRIVATE MEMBERS' BILLS AND RESOLUTIONS

9 a. m.] **Shri. K. V. Narayanan** : Sir, I, Chairman, Committee on Private Members' Bills and Resolutions present the Fifth Report in 1964, of the Committee on Private Members' Bills and Resolutions.

Mr. Speaker : The Report is presented.

FINANCIAL BUSINESS

Voting on Demands for grants in the Budget for 1964-1965
Demand II—Land Revenue

Minister for Law and Revenue (**Shri T. A. Thomman**) : Sir, I move that Government be granted a sum of Rs. 1,17,99,200 under Demand II, Land Revenue.

Minister for Food and Agriculture (**Shri E. P. Poulose**): I second it.

Shri. K. V. Narayanan : Sir, I move :

2. To reduce the allotment of Rs. 1,17,99,200 under Demand II by Rs. 100.

Shri. P. Ramunni Kurup : Sir, I move :

5. To reduce the allotment of Rs. 1,17,99,200. under Demand II by Rs. 100.

Shri K. Hassan Gani : Sir, I move :

6. To reduce the total allotment of Rs. 1,17,99,200 under Demand II by Rs. 100.

ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ : സർ, ശ്രീ. കെ. വി. നാരായണൻ അവതരിപ്പിച്ച ബഡ്ജറ്റിനുപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. എല്ലാ രാജ്യത്തിന്റേയും അഭിവൃദ്ധി അതാതു രാജ്യത്തിലെ കാർഷികപരിഷ്കരണത്തെ അടിസ്ഥാനപ്പെടുത്തികൊണ്ടാണ് മുന്നോട്ടു പോകുന്നതു്. ഇൻഡ്യ സ്വതന്ത്രയായിട്ട് ഏകദേശം പതിനാറു പതിനേഴു കൊല്ലത്തോളമായി. ഇന്നു്

† Appendix VI.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. വി കുഞ്ഞുണ്ണിനായർ] :

കോൺഗ്രസിന്റെ പ്രഖ്യാപിത നയമനുസരിച്ച് ഒരു സ്റ്റേറ്റിലും ഭൂമി കൃഷിക്കാർക്ക് കൊടുക്കുകയെന്നുള്ള നയം ഫലപ്രദമായി നടപ്പിലായിട്ടില്ല. കേരളത്തിലാണ് ആദ്യമായി 1957–58–ൽ ഒരു കാർഷികബന്ധനിയമം കൊണ്ടുവന്നത്. ആ നിയമം പാസ്സാക്കി കഴിഞ്ഞതോടുകൂടി ആ ഗവണ്മെന്റിനെ പിരിച്ചുവിടുകയുണ്ടായി. രണ്ടാമത് തിരഞ്ഞെടുപ്പു നടത്തി അധികാരത്തിൽ വന്ന കക്ഷിയിൽ ഇന്ന് അധികാരത്തിലിരിക്കുന്നവരും അധികാരത്തിൽ നിന്ന് പുറത്താക്കപ്പെട്ടവരും എല്ലാവരും കൂടി പ്രഖ്യാപിച്ചിരുന്നത് ഈ രാജ്യത്തെ ജനങ്ങൾക്ക് കൃഷിചെയ്യുന്നതിനു സ്വന്തമായിട്ട് ഭൂമികൊടുക്കുകയും അവർക്ക് രക്ഷകിട്ടുന്നതിനുള്ള മാർഗ്ഗങ്ങൾ നടപ്പിലാക്കുകയും ചെയ്യുമെന്നാണ്. നമ്മുടെ കേരളത്തെസംബന്ധിച്ചിടത്തോളം അറുപതു ശതമാനത്തോളം ആളുകളും കൃഷിപ്പണിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. അങ്ങനെ കൃഷിചെയ്യുന്നവർക്ക് കൃഷിഭൂമിയിൽ ഉടമാവകാശം കൊടുക്കേണ്ടതാവശ്യമാണ്. അതിനുവേണ്ടി ഈ രാജ്യത്തിലെ കൃഷിക്കാരും മറ്റുള്ള ആളുകളും കൂടി കുറെക്കാലമായി പ്രക്ഷോഭണം കൂട്ടിക്കൊണ്ടിരിക്കുകയാണ്. കൃഷിക്കാർക്ക് സ്വന്തമായി കൃഷിഭൂമികൊടുക്കാമെന്നു് എല്ലാവരും വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. പക്ഷേ ഒരു ഗവണ്മെന്റും ഇതുവരെയായും ഭൂമി കൊടുക്കാൻ തയാറായിട്ടില്ല. കമ്മ്യൂണിസ്റ്റുഗവണ്മെന്റു് അതിനാവശ്യമായ ഒരു നിയമം കൊണ്ടുവന്നപ്പോഴാണ് അവരെ അധികാരത്തിൽനിന്നും ഇറക്കിവിട്ടത്. ലോകനാഥൻ റിപ്പോർട്ടിൽതന്നെ പറഞ്ഞിട്ടുള്ളത് കേരളം അഭിവൃദ്ധിപ്പെടണമെങ്കിൽ ആയിരത്തിൽ ചിലപ്പോൾ കോടി രൂപ വേണമെന്നാണ്. ഇതിൽനല്ലൊരു ഭാഗം ഈ രാജ്യത്തെ കാർഷികാഭിവൃദ്ധിക്കു വേണ്ടി വിനിയോഗിക്കാനാണ്. ഇത്തരത്തിലുള്ള ഒരു കാർഷികപരിഷ്ക്കരണം കേരളത്തിൽ കൊണ്ടുവരുന്നതിനു് കേന്ദ്രത്തിൽനിന്നു് നൂറോ നൂറിയൻപതോ കോടി രൂപ കിട്ടിയാൽ മാത്രമേ സാധിക്കുകയുള്ളു. എങ്കിൽ മാത്രമേ ഇടത്തരക്കാരായ ഭൂടമസ്ഥന്മാർക്ക് പ്രതിഫലം കൊടുക്കാൻ സാധിക്കുകയുള്ളു. 1957–മുതൽ 1959 വരെ ഇവിടെ ഭരിച്ചിരുന്ന കമ്മ്യൂണിസ്റ്റു ഗവണ്മെന്റു് ഇതിലേക്കു വേണ്ടി സഹായധനം തരുന്നതിനു് കേന്ദ്രഗവണ്മെന്റിനോടു് ആവശ്യപ്പെടണ്ടിവരുമെന്നു വിവരിച്ചിരുന്നു. കാർഷികബന്ധബില്ലിൽ ചെറുകിട ഭൂടമകൾക്ക് കാർഷികപരിഷ്ക്കാരം നടപ്പിലാക്കുമ്പോൾ നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള ക്ലാസ് ഉൾപ്പെടുത്തിയിരുന്നു. അതൊന്നും നടപ്പിലാക്കാൻ സാധിച്ചില്ല. എന്നാൽ അതിനുശേഷം വന്ന ഈ ഗവണ്മെന്റു് അതൊന്നും പരിശോധിക്കുകയോ നടപ്പിലാക്കുകയോ ചെയ്യാതെ ആ ബില്ലിനുപകരം മറ്റൊരു ബിൽ കൊണ്ടുവരികയാണ് ചെയ്തത്. ഈ ബില്ലുകൊണ്ട് കഷ്ടപ്പെടുന്ന കർഷകർക്ക് ഗുണം കിട്ടുമെന്നു് തോന്നുന്നില്ല. ഇന്നുതന്നെ പാട്ടത്തിനു് വേണ്ടി കേസുകൊടുക്കുന്നുണ്ട്. മറ്റു പല വിധ കേസുകൾക്കുവേണ്ടി നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ ഇതിനെ തടയാൻ ആവശ്യമായ നടപടികളും ഗവണ്മെന്റിൽനിന്നും എടുക്കുന്നില്ലെന്നുള്ളതു് ഇന്നു വലിയ ഒരാക്ഷേപമായിരിക്കുകയാണ്.

ഇന്നു് നമ്മുടെ നാട്ടിൽനിന്നും പലവിധത്തിലുള്ള നികുതികളും പിരിച്ചെടുക്കുന്നുണ്ട്. പക്ഷേ അങ്ങനെ പിരിച്ചെടുക്കുന്ന നികുതികളെല്ലാം ഈ ഗവണ്മെന്റു ശരിയായി വിനിയോഗിക്കുന്നുണ്ടോയെന്നു് പരിശോധിക്കേണ്ടതാണ്. ഇന്നു് പല ജില്ലകളിലുമുള്ള ധനികന്മാരായ കൃഷിക്കാർക്ക് ഗവണ്മെന്റിൽനിന്നും പലതരത്തിലുള്ള വായ്പകളും കൊടുക്കുന്നുണ്ട്. എന്നാൽ പാവപ്പെട്ട കർഷകർക്ക് ഒരു തരത്തിലുള്ള സഹായവും ചെയ്തു കൊടുക്കുന്നില്ല. അങ്ങനെ ധനികരായ കൃഷിക്കാർക്ക് വായ്പകൊടുത്തതിന്റെ ഫലമായി ആലപ്പുഴയിൽനിന്നുതന്നെ പത്തു് പതിനഞ്ചു ലക്ഷം രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്നു് അറിയുന്നു. എന്നാൽ ഇതുവരെയും ഗവണ്മെന്റിൽനിന്നും അതു് പിരിച്ചെടുക്കാനുള്ള യാതൊരു നടപടിയും എടുത്തിട്ടില്ല. ഇങ്ങനെ പല വിധത്തിൽ ഇന്നു് ഗവണ്മെന്റിന്റെ പണം നഷ്ടപ്പെടുകയാണ്.

അതുപോലെതന്നെ കോർട്ട് ഫീസ് സ്റ്റാമ്പിന്റെ കാര്യവും. തിരുവനന്തപുരത്തുനിന്നു് കുറച്ചു് കോർട്ട് ഫീസ്റ്റാമ്പും എറണാകുളത്തേക്ക് അയച്ചുകൊടുത്തിരുന്നു. എന്നാൽ ആ സ്റ്റാമ്പിലൊരുഭാഗം അവിടെ കിട്ടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ കോർട്ടഫീസ് സ്റ്റാമ്പ എങ്ങനെ പോയെന്നു് ഈ ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ? ഒടുവിൽ അവിടെയുള്ള റോഡുകളിലും മറ്റംവച്ചു് ഈ സ്റ്റാമ്പു് വിറ്റതു് വാങ്ങിച്ചു് ഉപയോഗിച്ച ആളുകളുടെ പേരിൽ കേസെടുത്തിരിക്കുകയാണു്. കോട്ടയം, തിരുവനന്തപുരം, കൊട്ടാരക്കര, ആലപ്പുഴ എന്നീ സ്ഥലങ്ങളിൽ ഉള്ള ട്രഷറികളിൽ ആയിരക്കണക്കിനു് രൂപ കമ്മി വന്നിട്ടുണ്ടു്. അതു് എങ്ങനെ വന്നുവെന്നു് ഈ ഗവണ്മെൻറ് അന്വേഷിക്കുന്നില്ല. ഇത്തരം സംഭവങ്ങളെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്തുന്നതിനു് ഈ ഗവണ്മെൻറു് എന്തു നടപടിയാണു് എടുത്തിട്ടുള്ളതു്? സാധാരണജനങ്ങളിൽനിന്നും പല വിധത്തിലുള്ള നികുതിയും പിരിച്ചെടുക്കുന്നുണ്ടു്. അതു് ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്കു് ഉപയോഗിക്കുന്നുണ്ടോയെന്നു് നോക്കിയാൽ അതൊട്ടും ഇല്ലെന്നു് കാണാവുന്നതാണു്. ഇതിനെപ്പറ്റിയെല്ലാം ഗവണ്മെൻറിൽനിന്നും ശരിയായ രീതിയിൽ അന്വേഷിക്കുന്നില്ലെങ്കിൽ പിന്നെയാരാണു് അന്വേഷിക്കേണ്ടതു്?

നമ്മുടെ കേരളത്തിൽ വിദ്യുച്ഛക്തിയാണെങ്കിൽ ആവശ്യത്തിനു പോലും തികയുന്നില്ല. കേരളത്തിലെ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ചുരുങ്ങിയ റേറ്റിൽ വ്യവസായഉടമകൾക്കു് വിദ്യുച്ഛക്തി വിതരണം നടത്തുന്നുണ്ടു്. എന്നാൽ ഈ രാജ്യത്തിലെ ഭക്ഷ്യോൽപാദനത്തിനു സഹായിക്കുന്ന കർഷകർക്കു് ജലസേചനസൗകര്യങ്ങൾ ചെയ്യുന്നതിൽവലിയ അനാസ്ഥയാണു് കാണിക്കുന്നതു്. ഇന്നു പല ഭാഗത്തും വെള്ളം കൊടുക്കാത്ത പ്രദേശങ്ങളിലുള്ള കർഷകരിൽനിന്നുപോലും ഗവണ്മെൻറു് ബറ്റർമെൻറ് ലെവി പിരിക്കുന്നതിനുള്ള നടപടികളും എടുത്തിരിക്കുകയാണു്. എനിക്കു് പറയുവാനുള്ളതു് നമ്മുടെ രാജ്യത്തു് കാർഷികാഭിവൃദ്ധിക്കു് വേണ്ടി ശ്രമിക്കുന്ന കർഷകർക്കു് വ്യവസായികൾക്കു് ചെയ്തുകൊടുക്കുന്നതുപോലെ എന്തുകൊണ്ടു് ബെറ്റർമെൻറു് ലെവി ഇളവു് ചെയ്തുകൊടുക്കുന്നതിനുള്ള നടപടികളും ഗവണ്മെൻറിൽനിന്നും എടുക്കുന്നില്ല. ഈ ഗവണ്മെൻറാണെങ്കിൽ ഇവിടത്തെ രണഭോരം ഒക്കെയേറ്റ അന്നുമുതൽ ഈ രാജ്യത്തിലെ കൃഷിക്കാരെ നശിപ്പിക്കുന്നതിനുള്ള സകല നടപടികളും ആസൂത്രണം ചെയ്തിരിക്കുകയാണു്. മാത്രമല്ല ഇവിടത്തെ കർഷകർ നല്ലവണ്ണം അദ്ധ്വാനിച്ചുണ്ടാക്കുന്ന ഉൽപന്നങ്ങൾ അന്യായമായ രീതിയിൽ അവരിൽനിന്നും തട്ടിപ്പറിച്ചെടുക്കുന്നതിനുള്ള ഒരു മനോഭാവമാണു് ഇന്നു് ഗവണ്മെൻറിൽനിന്നും എടുത്തിരിക്കുന്നതു്. പാലക്കാട്ടു് ജില്ലയിൽ മൂന്നാലു ജലസേചനപദ്ധതികളും ഉണ്ടു്. ഇപ്പോൾ മഴ ഇല്ലാത്തതുകൊണ്ടു് അവയിലൊന്നുംതന്നെ വെള്ളമില്ല. ഇന്നു് കേരളത്തിൽ പൊതുവേ ജലക്ഷാമം അനുഭവപ്പെട്ടിരിക്കുകയാണു്. അങ്ങനെ വെള്ളം കിട്ടാതെ കൃഷിക്കു് ഉണക്കബാധിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ അവരിൽനിന്നും ഈടാക്കുന്ന നികുതിക്കു് ഇളവു് കൊടുക്കുകയോ, പാട്ടം ഇളവു ചെയ്തുകൊടുക്കുകയോ ചെയ്യുന്നതിനുള്ള നടപടികളെടുക്കുന്നില്ല. കാർഷികബന്ധനിയമത്തിൽ ഇത്തരം സന്ദർഭങ്ങളിൽ പാട്ടം ഇളവുചെയ്തുകൊടുക്കുന്നതിനു വ്യവസ്ഥ ചെയ്തിരുന്ന വകുപ്പുകളുണ്ടായിരുന്നു. പക്ഷേ അതു് നടപ്പിലാക്കാൻ സാധിക്കാതെ പോയി. ഇന്നു് പാലക്കാട്ടുള്ള കർഷകരിൽനിന്നും കണ്മോനം നികുതി പിരിച്ചെടുക്കുകയാണു്. ഇന്നു് കൃഷിക്കാർക്കു് ആവശ്യത്തിനു് കടം കിട്ടുന്നതിനു് പല വിധത്തിലുള്ള വിഷമതകളും ഉണ്ടു്. അവർക്കു് ആവശ്യമായ പണം കടംകിട്ടാൻ ആവശ്യമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇതിനെസംബന്ധിച്ചു് ഗവണ്മെൻറു അന്വേഷണം നടത്തി അവർക്കു് പണം സമയത്തിനുതന്നെ കടമായിട്ടു് കൊടുക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണു്.

കേരളത്തിൻറെ കിഴക്കൻ മലയോരപ്രദേശങ്ങളിൽ പ്രത്യേകിച്ചു് മലബാർ ഭാഗത്തു് കാസർകോട്ടുമുതൽ പാലക്കാട്ടു് വരെയുള്ള മലയോരങ്ങളിലും അവിടെയുള്ള ഭൂമി സർവ്വെ ചെയ്യാതെ കിടക്കുകയാണു്. അട്ടപ്പാടി പ്രദേശത്തുതന്നെ ആയിരക്കണക്കിനു് ഏക്കർ ഭൂമി സർവ്വെചെയ്യാനുണ്ടു്. സർവ്വെ ചെയ്ത ഭൂമികളിലുള്ള കൃഷിക്കാർക്കു് മാത്രമേ ഇന്നു് ഗവണ്മെൻറിൽനിന്നും കൊടുക്കുന്ന കടം കിട്ടുകയുള്ളൂ. കാരണം സർവ്വെനമ്പർ കാണിച്ചുവേണം കടത്തിനു അപേക്ഷി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. വി. കുഞ്ഞുണ്ണി നായർ]

കേണ്ടതുണ്ട്. അതുകൊണ്ട് ഇന്നു് സർവ്വെചെയ്യാതെ കിടക്കുന്ന ഭൂമികയും അടിയന്തിരമായി സർവ്വെചെയ്യാനുള്ള നടപടികളെടുക്കണം. ഇത്രയും കാര്യങ്ങളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തികൊണ്ട് ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : സർ, ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബന്ധപ്പെട്ടപക്ഷപാതത്തിനു് കാരണമായ ചിലകാര്യങ്ങളും ഇവിടെ പറയാനാഗ്രഹിക്കുകയാണു്, ഇക്കൊല്ലത്തെ ബഡ്ജറ്റിൽ പുതിയ നികുതികളൊന്നും ജനങ്ങളുടെ മേൽ വച്ചുകെട്ടാൻ ശ്രമിച്ചിട്ടില്ലെന്നു് വളരെ സന്തോഷത്തോടുകൂടി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ പ്രഖ്യാപിച്ചു. എവിടെയാണു് നികുതി, ഏതു ഭാഗത്താണു് നികുതി പുതുതായി ചുമത്താൻ ഉള്ളതെന്നു് വളരെനേരം ഇതുന്നു ആലോചിച്ചതിനുശേഷം ഒരു ഭാഗത്തും നികുതി ചുമത്താൻ ബാക്കിയില്ലെന്നുള്ള സമാധാനത്തോടുകൂടിയായിരിക്കും ഇങ്ങനെ സമാധാനിച്ചതെന്നാണു് ഞാൻ വിചാരിക്കുന്നതു്. നമ്മുടെ നാട്ടിലെ സാധാരണ കുടിയാന്മാരും കർഷകരും ഇന്നു് താങ്ങാനാവാത്ത നികുതിഭാരം അനുഭവിക്കുന്നവരാണു്. ഗവണ്മെൻറിന്റെ അനാസ്ഥകൊണ്ടോ കുറ്റകരമായ നിയമനിർമ്മാണംകൊണ്ടോ ഉണ്ടായ കോടതിവിധിയുടെ ഫലമായി നികുതി കുടിശ്ശികയായിരിക്കയാണു്. അതുവഴി ഈ നാട്ടിലെ നികുതിദായകർ ഇന്നു് കുനത്ത ഒരു സംഖ്യ ഗവണ്മെൻറിലേക്കു് കൊടുക്കേണ്ടിവരികയാണു്. ഈ കുടിശ്ശിക വസൂലാക്കാനുള്ള അവകാശം സമ്പാദിക്കാനുള്ള പുതിയ നിർമ്മാണത്തിന്റെ പ്രവണത ഇവിടെ കാണുന്നുണ്ടു്. പാവപ്പെട്ട കർഷകർക്കു് വളരെയധികം വേദനയുണ്ടാക്കുന്ന ഒരു കാര്യമാണു് ബേസിക്കു് ടാക്സു് ഒന്നിച്ചു് ഇപ്പോഴും കെട്ടിവയ്ക്കുകയെന്നുള്ളതു്. അതിനാവശ്യമായ നിയമനിർമ്മാണവേളയിൽ കുടിശ്ശികയൊന്നും കൃഷിക്കാരിൽനിന്നും വസൂലാക്കുകയില്ലെന്നു് ഉള്ള ഒരു വ്യവസ്ഥ അതിൽ ബഹുമാനപ്പെട്ട റവന്യൂമന്ത്രി എഴുതിച്ചേർക്കുമെന്നു് വിശ്വസിക്കുന്നു. പുതുതായി ഇപ്പോഴും റവന്യൂവകുപ്പിന്റെ ചാർജു് ഏറ്റെടുത്തിരിക്കുന്ന, പുതിയതായി മന്ത്രിസ്ഥാനം കൈയേറ്റ അദ്ദേഹം ഇതുസംബന്ധത്തിലുള്ള ഒരു വ്യവസ്ഥ എഴുതിയുണ്ടാക്കി, സാധാരണക്കാർക്കു് ഗുണം ചെയ്യുന്ന ഒരു മന്ത്രിയെന്നു് ആളകപം സമ്മതിക്കുമാറാകട്ടെ. തീർച്ചയായും ഗവണ്മെൻറിന്റെ അനാസ്ഥ കൊണ്ടും കുറ്റകരമായ പ്രവർത്തനങ്ങൾകൊണ്ടും മാത്രമാണു് ഇത്രയുമധികം നികുതി കുടിശ്ശിക ഉണ്ടായിട്ടുള്ളതു്. ഇത്തരം നിയമനിർമ്മാണസന്ദർഭത്തിൽ അതുവരെയുള്ള നികുതിക്കുടിശ്ശിക ഇളവുചെയ്തുകൊടുക്കുന്നതിനെപ്പറ്റി ആലോചിക്കേണ്ടതാണു്. അതുപോലെതന്നെ ബേസിക്കു് ടാക്സു് വസൂലാക്കാൻ സാധിക്കാത്തതുകൊണ്ടു് ഇന്നു് പഞ്ചായത്തുകളുടെയെല്ലാം പ്രവർത്തനം സ്തംഭനാവസ്ഥയിലാണു്. ബേസിക്കു് ടാക്സിന്റെ ഒരു വിഹിതം പഞ്ചായത്തുകളുടെ പ്രവർത്തനത്തിനുവേണ്ടി വിനിയോഗിച്ചുകൊണ്ടിരുന്നു. ഇപ്പോഴും അവ കിട്ടാത്തതുകൊണ്ടു് പഞ്ചായത്തുകൾക്കു് വികസനപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു് സാധിക്കുന്നില്ല. അതുകൊണ്ടു് പഞ്ചായത്തുകളുടെ പ്രവർത്തനത്തിനാവശ്യമായ വിഹിതം ഗവണ്മെൻറിൽനിന്നും ഓരോ പഞ്ചായത്തിനും കൊടുക്കാൻ തയാറാകണം. ലാൻഡു് അസൈൻമെൻറിനെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറു് കുറെക്കാലമായി ഒരു ചിറ്റമ്മനയം അംഗീകരിച്ചുകൊണ്ടിരിക്കുകയാണു്. ഭൂവിതരണം ചെയ്യാൻ ഒരു കമ്മിറ്റി ഉണ്ടായിരുന്നതിനെ ഇപ്പോഴും പിരിച്ചുവിട്ടിരിക്കുകയാണു്. ഒരുദ്ദേശമായാലും ശരി, സദുദ്ദേശമായാലും ശരി കഴിഞ്ഞ കുറെക്കാലമായി ഗവണ്മെൻറിന്റെ സ്വന്തം ആളുകളെ ഇതിനകത്തു് കുടുതൽ കുടുതൽ കുത്തിച്ചെലുത്താനുള്ള ആഗ്രഹത്തിന്റെ വെളിച്ചത്തിൽ ആയിരിക്കും ആ കമ്മിറ്റിയെ പിരിച്ചുവിട്ടിട്ടുള്ളതു്. ഈ രാജ്യത്തുള്ള ഭൂവിതരണ കമ്മിറ്റിയെ പിരിച്ചു വിട്ടിട്ടു് ഭൂവിതരണത്തെ സ്തംഭിപ്പിച്ചതു് ഈ രാജ്യത്തിനു് പൊതുവേ ആപത്താണു്. പുറംപോക്കു ഭൂമി ഭൂമിയില്ലാത്ത സാധാരണ കൃഷിക്കാരനു് വിട്ടുകൊടുക്കാനും അതിൽ കൃഷിചെയ്യാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നതിൽ ഈ ഗവണ്മെൻറു് കാണിക്കുന്ന അനാസ്ഥ കുറ്റകരമായ ഒരു അനാസ്ഥയാണെന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല. ഭൂവിതരണകാര്യത്തിൽ കുറെക്കൂടി ശ്രദ്ധ പതിപ്പിക്കണമെന്നാണു് എനിക്കു് ഈ അവസരത്തിൽ പറയുവാനുള്ളതു്. നിയമനിർമ്മാണപരമായ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾക്ക് ലാൻഡ് അകപിസിഷൻ നടത്തുന്ന കാര്യത്തിൽ ആവശ്യമായ നടപടികളെടുക്കുന്നില്ല. എന്തെങ്കിലും പൊതു ആവശ്യത്തിനുവേണ്ടി ഭൂമി അകപയർചെയ്യുന്നു എല്ലാം ശരിയാക്കിവരുമ്പോഴാണ് റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നും സ്റ്റേ ഓർഡർ കൊടുക്കുന്നത്. രാജ്യത്തിന്റെ പൊതു താൽപര്യത്തെ കണക്കിലെടുക്കാതെ ഏതെങ്കിലും വ്യക്തിയെ സന്തോഷിപ്പിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെ സ്റ്റേ കൊടുക്കുന്നതെന്നു നമുക്കു കാണാൻ സാധിക്കും. ഇത്തരത്തിലുള്ള ഒരു പ്രവണത ഗവണ്മെന്റിൽനിന്നും മാറേണ്ടതാവശ്യമാണ്. നാട്ടിന്റെ താൽപര്യത്തിനുവേണ്ടി ഒരുപാടുജനങ്ങളുടെ ആവശ്യത്തിനുവേണ്ടി ലാൻഡ് അകപിസിഷൻ നടത്തുമ്പോഴും, വ്യക്തികളുടെ താൽപര്യത്തിനുവേണ്ടി ഗവണ്മെന്റു വഴങ്ങിക്കൊടുക്കാതെ നടപടികളും എടുത്തെങ്കിൽ മാത്രമേ ഈ നാട്ടിലെ ക്ഷേണദൗർല്ലഭ്യത്തിനു പരിഹാരം ഉണ്ടാകുകയുള്ളു. ഇവിടെ കാർഷികബന്ധ നിയമം കൊണ്ടുവരികയും, അതു ഇവിടെ ക്രമപ്രവൃദ്ധമായി നടന്നുകൊണ്ടിരിക്കുകയുമാണ്. അതിലെ ചില വകുപ്പുകളും ഭേദഗതി ചെയ്തു നടപ്പിലാക്കാൻ സാധിച്ചു. ആ നിയമം ആരു കൊണ്ടുവന്നുവെന്നുള്ളതു അത്ഭുതമാക്കേണ്ടതില്ല. ഓരോ നിയമം കൊണ്ടുവരുമ്പോഴും അതിൽ ഭരണപരമായ വൈരുദ്ധ്യങ്ങളും ഉള്ളവയും ഇല്ലാത്തവയും കാണും. ഈ മന്ത്രിസഭയിലെ പഴയ നിയമവകുപ്പു മന്ത്രി ഒരു നിയമം കൊണ്ടുവന്നു. അതിൽ ഭരണപരമായ വൈരുദ്ധ്യങ്ങളും ഇല്ലെന്നു ആരു കണ്ടു !

മദ്രാസിലെ ലാൻറ് റിഫാംസ് ആക്ടു ഭരണഘടനാവിരുദ്ധമാണെന്നു ഇപ്പോഴും പ്രഖ്യപിച്ചിരിക്കുകയാണ്. ആ സംഗതിയും ആലോചിക്കേണ്ടതാണ്. നാം ഇന്നു കൊണ്ടുവന്നിരിക്കുന്ന ലാൻറ് റിഫാംസ് ആക്ടിൽ ഭരണഘടനാവിരുദ്ധമായ വകുപ്പുകളുണ്ടോ, ഉണ്ടെങ്കിൽ ആ കാര്യം പരിശോധിച്ചിട്ടുണ്ടോ ? ആ നിലയിൽ നോക്കുമ്പോഴും ഈ കാലഘട്ടത്തിൽ ഇവിടത്തെ കൃഷിക്കാർവളരെയേറെ വിഷമതകളും അനുഭവിക്കേണ്ടതായിട്ടുണ്ട്. ഈ ലാൻറ് റിഫാംസ് ആക്ടു വരുന്നതിനു മുൻപുണ്ടായിരുന്ന കുടിയാൻ കുടിയിരുപ്പു സംരക്ഷണനിയമത്തിൽ പാട്ടബാക്കികൊടുക്കുന്നതിനു അവധി നിർണ്ണയിച്ചിരുന്നു. എന്നാൽ പിന്നീടു ലാൻറ് റിഫാംസ് ആക്ടു വന്നപ്പോഴും മുന്നു മാസത്തിനുള്ളിൽ പാട്ടക്കുടിശ്ശിക അടച്ചുതീർക്കണമെന്ന വ്യവസ്ഥ ഉണ്ടായി. ലാൻറ് റിഫാംസ് ആക്ടു നടപ്പിലായതുമില്ലാ, കുടിയാൻ കുടിയിരുപ്പു സംരക്ഷണനിയമം അവസാനിച്ചുംപോയി. ഇന്നു കർഷകർ ത്രിശങ്കുസ്വർഗ്ഗത്തിലാണ്. ഈ സന്ദർഭം ഉപയോഗിച്ചുകൊണ്ടു ജന്മിമാർ കർഷകരെ വിഷമപ്പെടുത്തുന്നതിനുവേണ്ടി കോടതിയെ സമീപിക്കുകയാണു ചെയ്യുന്നതു. ലാൻറ് റിഫാംസ് ആക്ടു നടപ്പിൽ വന്നുകഴിഞ്ഞാൽ അതു അടിയന്തിരമായു സ്റ്റേചെയ്യുകയും ചെയ്യും. അപ്പോഴും കൃഷിക്കാരന്റെ മേൽ കനത്തഭാരം വച്ചുകെട്ടുന്ന ഒരവസ്ഥയാണു ഇന്നുള്ളതു. ലാൻറ് റിഫാംസ് ആക്ടു നടപ്പിൽ വരുന്നതുനോക്കി കാത്തിരിക്കുകയാണു കൃഷിക്കാർ. അവരുടെ മേൽ വ്യവഹാരങ്ങളും ജന്മിമാർ കോടതിയിൽ ഫയൽ ചെയ്യപ്പെടുകയും ചെയ്യുന്നുണ്ടു. കോടതി ചെലവിനുവേണ്ടിയും മറ്റും കുടിയാന്മാർ പണം കെട്ടിവയ്ക്കാൻ നിർബന്ധിതരായിത്തീരുന്ന അവസ്ഥ നമുക്കു ഇന്നു കാണാൻ സാധിക്കുന്നുണ്ടു. കോടതിയിൽ കെട്ടിവച്ച പണം പോലും തിരിയെ വാങ്ങിക്കുന്നതിനു കുടിയാന്മാർക്കു സാധിക്കുന്നില്ല. ഒരു പക്ഷേ ആ പണം തിരിയെ വാങ്ങിക്കുകയാണെങ്കിൽ അവരുടെ വസ്തു നഷ്ടപ്പെടുമെന്നു സംശയിച്ചിരിക്കുകയാണു. ഇങ്ങനെ നിരവധി വിഷമതകളും ഇന്നു കർഷകർക്കുണ്ടു. അതുകൊണ്ടു എത്രയും വേഗം ഈ ലാൻറ് റിഫാംസ് ആക്ടിനു രൂപംസുണ്ടാക്കി നടപ്പിൽവരുത്തുന്നതിനു ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും, ഭരണഘടനാവിരുദ്ധമായ വല്ല വകുപ്പുകളും അതിലുണ്ടെങ്കിൽ അതു തീർക്കുന്നതിനു ഗവണ്മെന്റു ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും ഞാൻ ഈ അവസരത്തിൽ പറയുകയാണു.

വില്ലേജാഫീസറന്മാരുടെ പരമ്പരാഗതമായ അവകാശം നിഷേധിച്ചതിനെ സംബന്ധിച്ചു ചില കാര്യങ്ങളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണു. മലബാറിൽ പരമ്പരാഗത

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രാമുണ്ണിക്കുറുപ്പ്]:

മായി വില്ലേജാഫീസർ ജോലി ചെയ്തുവന്നിരുന്ന കുറെ ഉദ്യോഗസ്ഥന്മാരുണ്ട്. അതിൽ കുറേപേരെ പിരിച്ചുവിട്ടു, കുറേപേർക്കു് ഉദ്യോഗം കൊടുത്തു. ഉദ്യോഗം കിട്ടിയവർക്കു് നല്ല ശമ്പളത്തോടുകൊടുത്തു. അതേഅവസരത്തിൽ പിരിച്ചുവിട്ടവരുടെ കാര്യത്തിൽ ഗവണ്മെൻറു് ഇതുവരെയായിയാതൊരു നടപടിയും സ്വീകരിച്ചില്ല. പിരിച്ചുവിട്ടവരുടെ ഒരു ലിസ്റ്റുണ്ടാക്കി. പക്ഷേ അവരെക്കുടി പ്രൊവൈഡു് ചെയ്യുന്നതിനു് കാര്യമായ ശ്രദ്ധ ഗവണ്മെൻറു് പതിപ്പിച്ചിട്ടില്ല. ലിസ്റ്റു ഉണ്ടാക്കിയതിൽതന്നെ പല ക്രമക്കേടുകളും നടന്നതായി ആക്ഷേപമുണ്ടായിട്ടുണ്ടു്. അതിനുശേഷം മലബാർ വില്ലേജ് ആഫീസേഴ്സ് ടെസ്റ്റില്ല. അതു ഇതോടുകൂടി അവസാനിച്ചുരിക്കുകയാണു്. ലിസ്റ്റിൽ സീനിയറായിട്ടുള്ളവരെ കാളിഫിക്കേഷനിപ്പെടുന്നു പറഞ്ഞു പരിച്ചുവിടാൻ കൽപ്പന കൊടുത്തിട്ടുണ്ടു്. അതുകൊണ്ടു് ഇത്തരം ആളുകളെ കുടി അവരുടെ കാളിഫിക്കേഷൻ നോക്കാതെ ഒരു സ്പെഷ്യൽ ടെസ്റ്റു നടത്തി പ്രൊവൈഡു് ചെയ്യുന്നതിനു വേണ്ട നടപടി ഗവണ്മെൻറു് സ്വീകരിക്കണം. പിരിച്ചുവിട്ട മലബാർ വില്ലേജാഫീസേഴ്സിനെ തിരിച്ചെടുക്കുന്ന കാര്യത്തിലും, അതുപോലെ ലാൻറു് റിഫാംസു് ആക്ടു് നടപ്പിലാക്കുന്ന കാര്യത്തിലും, ബേസിക്ടാക്സു് പിരിച്ചെടുക്കുന്ന കാര്യത്തിലും ഗവണ്മെൻറു് കാണിച്ച അനാസ്ഥയും അശ്രദ്ധയും കാരണമാണു് ഇവിടെ കുഴപ്പങ്ങളുണ്ടായിട്ടുള്ളതു് എന്നുള്ളതു് പരിഗണിച്ചു് ഈ കുഴപ്പങ്ങളും തീർക്കുന്നതിനാവശ്യമായ നടപടികളും കഴിയുന്നതും വേഗം സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽമജീദു് : സർ, ഇവിടെ ശ്രീ. ഹസ്സൻഗനി അവതരിപ്പിച്ചിട്ടുള്ള കൺമോഷനെ ഞാൻ അനുകൂലിക്കുകയാണു് ചെയ്യുന്നതു്. വേണ്ടിടത്തോളം ഉദ്യോഗസ്ഥന്മാരുള്ള ഒരു ഡിപ്പാർട്ടുമെൻറാണു് റവന്യു. റവന്യു സെക്രട്ടറിയേറ്റും കളക്ടറേറ്റും ഈ ഡിപ്പാർട്ടുമെൻറിൽ പ്രവർത്തിക്കുന്നുണ്ടു്. ഇതിനിടയിൽ എത്രകൊല്ലം വേണമെങ്കിലും ഫയലുകളും കെട്ടിവയ്ക്കാൻ കഴിവുള്ള റവന്യൂബോർഡും ഈ ഡിപ്പാർട്ടുമെൻറിൽ പ്രവർത്തിക്കുന്നുണ്ടു്. ഈ വകുപ്പിന്റെ പ്രവർത്തനങ്ങളും ആകപ്പാടെ ഒന്നു പരിശോധിച്ചുനോക്കിയാൽ തുരുമ്പുപിടിച്ച ഒരു യന്ത്രംപോലെ പ്രവർത്തിക്കുകയാണു് ഈ ഡിപ്പാർട്ടുമെൻറു്. മലബാർ ഭാഗത്തു് ഇന്നു വളരെയേറെ സ്ഥലങ്ങളും സർവ്വേ ചെയ്യാതെ കിടപ്പുണ്ടു്. തിരുകൊച്ചി വിഭാഗത്തുതന്നെ വളരെയധികം പ്രദേശങ്ങളും റവന്യൂവകുപ്പിനു് വിട്ടുകൊടുത്തും വനത്തിനുപയോഗിക്കപ്പെടാത്തതുമായ പ്രദേശങ്ങളും സർവ്വേ ചെയ്യണമെന്ന ഒരു നയം അംഗീകരിച്ചു. കുറച്ചു കാലംകൊണ്ടേ അങ്ങനെയൊരു നയം സ്വീകരിച്ചു നടപ്പാക്കാൻ ശ്രമിക്കുന്നുണ്ടു്. ഈ കൊല്ലവും പുതുതായി അൺസർവ്വേയ്ഡു് ഏരിയാസു് സർവ്വേ ചെയ്യുന്നതിനുവേണ്ടി 14 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. പക്ഷേ അതു ഏതു കാലത്തു സർവ്വേ ചെയ്തുതീരുമെന്നുള്ള കാര്യം സംശയമാണു്. സർവ്വേ ചെയ്യണമെന്നു തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ സർവ്വേ ചെയ്യുന്നതിനാവശ്യമായ തിയോഡലൈറ്റു് വാങ്ങിക്കേണ്ടതു് ആവശ്യമാണു്. 1960 മുതൽ 100 തിയോഡലൈറ്റു് വാങ്ങുന്നതിനുവേണ്ടിയുള്ള സംഖ്യവകയിരുത്തിയിട്ടുണ്ടു്. പത്തെഴുപതു തിയോഡലൈറ്റു് വരുത്തികിട്ടാൻ മുന്നുകൊല്ലമാണു് ഈ ഡിപ്പാർട്ടുമെൻറിനു് എടുക്കേണ്ടിവന്നതു്. അങ്ങനെയാണെങ്കിൽ ബാക്കിയുള്ള സ്ഥലങ്ങൾകൂടി സർവ്വേ ചെയ്യാൻ തിയോഡലൈറ്റു് വരുത്തുന്നതിനു് എത്ര കൊല്ലം വേണ്ടിവരും? അതുകൊണ്ടു് സർവ്വേ ചെയ്യുന്നതിനെ സംബന്ധിച്ചു വ്യക്തമായ ഒരു നടപടിക്രമം ആവിഷ്കരിക്കണമെന്നു ഞാൻ ഗവണ്മെൻറിനോടു് അഭ്യർത്ഥിക്കുകയാണു്.

അതുപോലെ ഈ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ കുറേ കൊല്ലങ്ങളായി 24, 25 പണാപഹരണ കേസുകളും നിലവിലുണ്ടു്. ഈ കേസുകളിലെല്ലാംകൂടി ഏതാണ്ടു് മുന്നു ലക്ഷത്തോളം രൂപയുടെ പണാപഹരണമാണു് നടന്നിരിക്കുന്നതു്. ഇതിൽ ഒന്നു രണ്ടു കാര്യങ്ങളും എന്റെ സ്നേഹിതൻ ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ ഇവിടെ പറയുകയുണ്ടായി. 1957 മുതൽ നടക്കുന്ന കേസു

LIBRARY ARCHIVES Kerala Legislative Assembly

കളണ്ട്. ഒരു അധികാരി 7600 രൂപ 1957-ൽ മോഷ്ടിച്ച സംഭവത്തെ സംബന്ധിച്ച കേസ് നടക്കുന്നുണ്ട്. 1962 ജനുവരിയിൽ മുപ്പത്തയ്യായിരം രൂപയോളം തിരുവനന്തപുരം ഡിസ്ട്രിക്ട് ട്രഷറിയിൽനിന്ന് കള്ളച്ചെക്ക് എഴുതി എടുത്തകേസുണ്ട്. 1961 ഏപ്രിലിൽ കൊല്ലം ഡിസ്ട്രിക്ട് ട്രഷറിയിൽ നിന്ന് മുപ്പതിനായിരംരൂപ മോഷ്ടിച്ച ഒരു കേസ് നിലവിലുണ്ട്. അങ്ങനെ 24,25 കേസുകളും ഈ ഡിപ്പാർട്ടുമെൻറിലുണ്ട്. പതിനാറായിരം രൂപയുടെ സ്റ്റാമ്പ് ഡിസ്ട്രിക്ട് ട്രഷറിയിൽനിന്നു കളവുപോയതിനെ സംബന്ധിച്ചു കളക്ടരും പോലീസുദ്യോഗസ്ഥന്മാരും അന്വേഷണം നടത്തിയിട്ട് രണ്ടുകൊല്ലക്കാലമായിട്ടും ഇതുവരെ അതു കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. ഇങ്ങനെയായാൽ ഈ രാജ്യത്തു് എന്തു പ്രവണതയാണു് വളർത്താൻ ഉദ്ദേശിക്കുന്നതെന്നു ഉദ്യോഗസ്ഥന്മാരോടും ഗവണ്മെൻറിനോടും ഞാൻചോദിക്കുകയാണു്. ആർക്കും ഇഷ്ടം പോലെ ട്രഷറിയിൽനിന്നു് മോഷ്ടിച്ചെടുക്കാമോ? അതിനുവേണ്ടി കാര്യക്ഷമമായ നടപടിയെടുക്കാൻ ഈ ഡിപ്പാർട്ടുമെൻറിനു കഴിഞ്ഞില്ലെങ്കിൽ ജനങ്ങളം നൽകുന്ന ഭാരിച്ച നികുതിയിൽനിന്നു് ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥന്മാർ ഈ രാജ്യത്തു് എന്തിനാണെന്നു ചോദിക്കേണ്ടിയിരിക്കുന്നു സർ.

അതുപോലെ വേറൊരു പ്രശ്നമുണ്ട്. ഡിപ്പാർട്ടുമെൻറിൻെറ കീഴിൽനിന്നും എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ട്? അഗ്രികൾച്ചറൽ ഡവലപ്പ്മെൻറ്സിനു് ലോൺ കൊടുത്തതിൽനിന്നു് ഒൻപതു ലക്ഷം രൂപ ഇതുവരെയായി പിരിഞ്ഞുകിട്ടാനുണ്ട്. ഹൈറേഞ്ചു് കാളനൈസേഷൻ സ്കീമനുസരിച്ചു് എത്ര സംഖ്യ പിരിഞ്ഞുകിട്ടാനുണ്ട്? അതിൻെറ നടപടി ക്രമങ്ങളിൽ വന്നിട്ടുള്ള വിഷമതകളം കൊണ്ടാണു് ഇതു പിരിഞ്ഞുകിട്ടാത്തതെന്നാണു് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. ശരിയായ രേഖയില്ലാതെ ലോൺ കൊടുക്കുകയും, ലോൺ ഏതു വിധത്തിൽ കണക്കാക്കി കൊടുക്കണമെന്ന വ്യവസ്ഥ ചെയ്യാതെ കൊടുക്കുകയും കൊടുത്ത ലോൺ തിരിച്ചു വാങ്ങിക്കുന്നതിനു് യാതൊരു നടപടിയും എടുക്കാതിരിക്കുമ്പോൾ ഗവണ്മെൻറിനു കിട്ടേണ്ട വരുമാനം നഷ്ടപ്പെടുകയും അതേസമയം ലോൺ വാങ്ങിക്കുന്നതായ അളകൾക്കു് ബുദ്ധിമുട്ടു് അനുഭവപ്പെടേണ്ടിവരുന്നതായ ഒരു പരിതസ്ഥിതിയിൽ എത്തുകയും ചെയ്തിട്ടുണ്ട്. ഈ കാരണങ്ങളെല്ലാംകൊണ്ടു് ഗവണ്മെൻറു് കൂടുതൽ ശ്രദ്ധ ചെലുത്തി ആ രംഗത്തു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

മറെറാരു കാര്യം എനിക്കു് പ്രത്യേകമായി റവന്യൂമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. അതു കർബല മൈതാനത്തെ സംബന്ധിച്ചാണു്. മുസ്ലീം സമുദായത്തെ സംബന്ധിച്ചിടത്തോളം വളരെ ഒച്ചപ്പാടുണ്ടാക്കിയ ഒരു സംഭവമാണു് ഇതു്. മൻപിവിടെ ശ്രീ. എ. ജെ. ജോൺ മന്ത്രിയായിരുന്ന കാലത്തു് ഫാത്തിമാകാളേജിൻെറ അധികൃതർ വളരെകാലമായി കൊല്ലത്തെ മുസ്ലീങ്ങളുടെ കൈവശമിരുന്ന കർബലാ മൈതാനത്തിൻെറ മതിൽപൊളിച്ചു് ഒരാക്രമണം നടത്തി. അതിനുശേഷം ഇപ്പോൾ ശ്രീ. പി. ടി. ചാക്കോ മന്ത്രിയായിരുന്നകാലത്തു ഫാത്തിമാകാളേജ് അധികൃതർ വീണ്ടും ഒരാക്രമണം നടത്തി. വീണ്ടും ശ്രീമാൻ തൊമ്മൻ അധികാരത്തിലിരിക്കുമ്പോൾ അതിനൊരു പരിഹാരം ഏതു തരത്തിലുണ്ടാകുമെന്നുള്ള കാര്യത്തിൽ എനിക്കു് സംശയമുണ്ട്. എങ്കിലും വളരെ ആത്മാർത്ഥതയോടുകൂടി സത്യസന്ധതയോടുകൂടി നീതീകരണത്തോടുകൂടിചുരുങ്ങിയകാലത്തിനുള്ളിലെങ്കിലും ഈപ്രശ്നത്തെശ്രീമാൻ തൊമ്മൻ സമീപിക്കുമെന്നും അതിനു ന്യായമായ ഒരു പരിഹാരമുണ്ടാക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിനു കുറച്ചുകാലമേയുള്ളു എന്നുള്ളതുകൊണ്ടു അങ്ങനെ സംശയിക്കാൻവഴിയില്ല. ഈ ഡിപ്പാർട്ടുമെൻറിൻെറ തുരുമ്പുമുഴുവൻ കളഞ്ഞു് അതിനെ പ്രവർത്തനക്ഷമമാക്കിത്തീർക്കുന്നതിനാവശ്യമായ നടപടികളം ഗവണ്മെൻറു് സ്വീകരിക്കണം. ഈ ഡിപ്പാർട്ടുമെൻറിൻെറ കാര്യത്തിൽ കർശനമായ നയരൂപീകരണം മന്ത്രിതന്നെ നേരിട്ടു് ആവിഷ്കരിച്ചു് നടപ്പിലാക്കണം. ഇത്രയേറെ തുരുമ്പുപിടിച്ച ഒരു ഡിപ്പാർട്ടുമെൻറു്, കാര്യക്ഷമതയില്ലാത്തരീതിയിൽ പ്രവർത്തിച്ചുപോരുന്ന ഈ ഡിപ്പാർട്ടുമെൻറു്, തുരുമ്പെല്ലാം കളഞ്ഞു് ചുറുചുറുപ്പിടിപ്പിച്ചു് നേരാംവണ്ണം പ്രവർത്തിപ്പിക്കാൻ ശ്രീ. തൊമ്മനു് സഹായകമായിത്തീരട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

2/1774/V

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. തോമസ്സ്:— സർ, ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുകയാണു്. പുത്തനച്ചി പുരപ്പുറം തൂക്കും എന്നൊരു പഴംചൊല്ലുണ്ടു്. നമ്മുടെ പുതിയ മന്ത്രി പുരയുടെ പുറമൊന്നും തൂത്തില്ലെങ്കിലും അതിനകമാകെ തൂത്തുവാരേണ്ടതുണ്ടെന്നു കാര്യം ഞാൻ അദ്ദേഹത്തെ അനുസ്മരിപ്പിക്കുകയാണു്. സർ, അടിയന്തിരമായി ചെയ്യേ തീർക്കേണ്ട ചില കാര്യങ്ങളും അദ്ദേഹത്തിൻറെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണു്. ആദ്യമായി പറയാനുള്ളതു് ലാൻറു് അസൈൻമെൻറിനെ സംബന്ധിച്ചാണു്. ലാൻറു് അസൈൻമെൻറു് നടപടികളും കഴിഞ്ഞ കുറെക്കാലമായി സ്തംഭനാവസ്ഥയിൽ കിടക്കുകയാണു്. ഇതു് വളരെ അടിയന്തിരമായി ചെയ്തുതീർക്കേണ്ട നടപടിയാണെന്നു് ഞാൻ ഉണ്ണിപ്പറയാൻ ആഗ്രഹിക്കുകയാണു്. കുറെക്കാലമായി ഈ സഭയിൽതന്നെ പറയുകയുണ്ടായി പുതുതായിട്ടു് അസൈൻമെൻറു് റൂൾസു് ഗവണ്മെൻറു് പുറപ്പെടുവിക്കുന്നു നടപ്പിലാക്കാൻ പോകുന്നു എന്നു്. പക്ഷേ ഇതുവരെയും പുറത്തുവന്നിട്ടില്ല. എൻറെ അഭിപ്രായത്തിൽ അടുത്ത സാമ്പത്തിക വർഷം ആരംഭത്തിൽതന്നെ പുതിയ റൂൾ പ്രയോഗത്തിൽ വരുത്തേണ്ടതാണു്; അതു് ഉടനേ പ്രസിദ്ധപ്പെടുത്തണം, അതു് നടപ്പിൽ കൊണ്ടുവരണം. ഇന്നു് വളരെയധികം പുറം പോക്കുകയും പാവപ്പെട്ട ആളുകൾക്കു് പതിച്ചുകൊടുക്കേണ്ടതുണ്ടു് അതുപോലെ തന്നെ തരിശായിക്കിടക്കുന്ന വളരെയധികം ഭൂമികളും ഗവണ്മെൻറുവകയായി ഉണ്ടു്. അതും റഗുലറൈസുചെയ്തു് റൂൾസനുസരിച്ചു് പട്ടയംകൊടുത്തു് പാവപ്പെട്ട ആളുകൾക്കു് സ്ഥിരാവകാശം കൊടുക്കേണ്ടതുണ്ടു്. അതു പോലെതന്നെ വനഭൂമിയിൽ പ്രവേശിച്ചിട്ടുള്ള ആളുകളെ സംബന്ധിച്ചു് ഗവണ്മെൻറു് ഒരു നയം പ്രഖ്യാപിച്ചിട്ടുണ്ടു്. പ്രോജക്ടു് ഏരിയാകഴിച്ചുള്ള സ്ഥലങ്ങളും ഗവണ്മെൻറിനു വേണ്ടാത്ത സ്ഥലങ്ങളും കൈവശക്കാർക്കു പതിച്ചുകൊടുക്കുമെന്നുള്ളതാണതു്. അതും ലാൻറു് അസൈൻമെൻറു് റൂൾസിൻറെ പരിധിയിൽപെടുത്തിപതിച്ചുകൊടുക്കണം. ഇതെല്ലാം കഴിയുന്നതുംവേഗം ഗവണ്മെൻറു് ചെയ്തു തീർക്കേണ്ടതാണു്. കൂടുതൽ ആളുകളെ വച്ചു് സർവ്വേ ചെയ്തു വേണ്ടിവന്നാൽ ഒരു സ്പെഷ്യലാഫീസറെകൊണ്ടു് ഒരുകൊല്ലംകൊണ്ടതന്നെ പൂർത്തിയാക്കത്തക്കവണ്ണം സതരനടപടികളും എടുക്കണമെന്നു് ഗവണ്മെൻറിനോടു് വിനീതമായി അഭ്യർത്ഥിക്കുകയാണു്. അതോടൊപ്പംതന്നെ മറൊരുകാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണു്. ഏലത്തോട്ടത്തിൻറെ കാര്യത്തിൽ കാഡ്മം റൂൾസ് ഇന്നുപ്രാബല്യത്തിൽ ഇരിക്കുകയാണു്. ആ റൂൾസു് അനുസരിച്ചു് നടപടി നടക്കുന്നുണ്ടെങ്കിലും യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ഇന്നു് റൂൾസു് കൊണ്ടു് വളരെയേറെ ബുദ്ധിമുട്ടു് ഏലക്കൃഷിക്കാർക്കുണ്ടു്. അതിൽ 1959 വരെ കൈവശപ്പെടുത്തി കൃഷിചെയ്തിട്ടുള്ള ആളുകൾക്കു് ലേലം കൂടാതെ ആ ഭൂമി കൊടുക്കണമെന്നു് വ്യവസ്ഥയുണ്ടു്. ഇന്നു് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഏലക്കൃഷി 1959–നുശേഷമുള്ളതാക്കുന്നതിനുള്ള ഒരു ശ്രമം നടത്തുന്നുണ്ടു്. അതു് കൈക്കൂലി വാങ്ങാനുള്ള അടവാണു്. 1960 ലാണു് കൃഷി ചെയ്തതെന്നു് ഉദ്യോഗസ്ഥൻ പറഞ്ഞാൽ ആ സ്ഥലം ലേലത്തിനുവച്ചു് ആ കൃഷിക്കാരനുതന്നെ കിട്ടുന്നില്ല. ഉദ്യോഗസ്ഥന്മാർക്കു് കൈക്കൂലി കൊടുത്താൽ കാര്യം നടക്കും. അങ്ങനെ ഒരു സ്ഥിതിയാണുള്ളതു്. റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തി കൃഷിക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും ഒഴിവാക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. ഇതു സംബന്ധിച്ചു് ഒരു സ്പെഷ്യലാഫീസറെ ഗവണ്മെൻറു് നിശ്ചയിച്ചിരുന്നു. ഇപ്പോഴും അങ്ങനെ ഒരാഫീസർ പ്രവർത്തിക്കുന്നില്ലെന്നാണു് അറിയുന്നതു്. ഇതു സംബന്ധിച്ചു് ഗവണ്മെൻറിനു് പാട്ടമിനത്തിലും മറ്റുമായി കുറഞ്ഞതു് 50 ലക്ഷം ഉറുപ്പിക കിട്ടാനുള്ള മാർഗ്ഗങ്ങളുണ്ടു്. അതുകൊണ്ടു് ഉടുമ്പൻചോല, ദേവികുളം ഈ രണ്ടു താലൂക്കുകളിലേക്കു് രണ്ടു സ്പെഷ്യലാഫീസറെ വച്ചു് ഒരുകൊല്ലംകൊണ്ടു് നടപടി പൂർത്തിയാക്കുകയാണെങ്കിൽ വളരെയേറെ തുക ഗവണ്മെൻറിലേക്കു കിട്ടാൻ സാദ്ധ്യതയുണ്ടു്. ഈ ഇനം ഭൂമികളെ സംബന്ധിച്ചു് വ്യക്തമായ ഒരു നിലപാടു് ഗവണ്മെൻറു് എടുക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ മറെറാരുകാര്യം പറയാനുള്ളതു് ലാൻറു് ടാക്സു് ആക്ടു് 1961—ലേതു് ഇന്നു് നിയമസാധുതപമില്ലാതെ കിടക്കുകയാണു്. അതനുസരിച്ചുള്ള കരം പിരിവും മറ്റും നടക്കുന്നില്ല. ഇവിടെ ഇതിനുപകരമായി ഒരു ബില്ലു് അവതരിപ്പിച്ചിട്ടുണ്ടു്. അതു എത്രമാത്രം പ്രായോഗികമാണു് എന്നതു് സംശയകരമായ വസ്തുതയാണു്. നിയമത്തിൻെറ പേരിൽ അസാധുവാക്കപ്പെട്ട ലാൻറു് ടാക്സു് ആക്ടു് ഇന്നത്തെ ഭരണഘടന ഭേദഗതി നിയമത്തിൽ കൊണ്ടുവന്നു് 9—ാം ഷെഡ്യൂളിൽപെടുത്തുകയാണെങ്കിൽ ഇന്നുള്ള ബുദ്ധിമുട്ടില്ലാതാക്കാൻ സാധിക്കും. ഇന്നു് Land Tax ഇനത്തിൽ വളരെയേറെ തുകകൾ ഗവണ്മെൻറിനു കിട്ടാനുണ്ടു്. അതു് പിരിക്കാൻ സാധിക്കുന്നില്ല. പിന്നെ കുറെ കൊല്ലം കഴിഞ്ഞു ഒന്നിച്ചു പിരിക്കാനുള്ള ശ്രമംനടത്തുകയും അതുപാവപ്പെട്ട ആളുകൾക്കു ബുദ്ധിമുട്ടു് ഉണ്ടാക്കുകയുംചെയ്യും. അതുകൊണ്ടു് ഇക്കാര്യത്തിൽ നിയമപരമായി ആലോചിച്ചു് അതു് 9-ാം ഷെഡ്യൂളിൽപ്പെടുത്തി പ്രയോഗത്തിൽ വരുത്താൻ സാധിക്കുമോയെന്ന പരിശോധിക്കേണ്ടതാണു്. മറെറാരുകാര്യം പായാനുള്ളതു് ഈ രാജ്യത്തു സെറ്റിൽമെൻറു നടത്തിയിട്ടു വളരെയേറെ കൊല്ലങ്ങളായി. ഇന്നു് റവന്യൂ റെക്കാർഡും സാക്ഷാൽ ഭൂമിയുമായിട്ടു യാതൊരു ബന്ധവും ഇല്ല. ഇന്നു് റെക്കാർഡിൽ ഒരു ഇനം ഭൂമിയാണെങ്കിൽ വാസ്തവത്തിലുള്ളതു് മറെറാരിനം ഭൂമിയായിരിക്കും. ഈ നിലയിൽ എല്ലാം കുഴപ്പത്തിൽ കിടക്കുകയാണു്. അതുകൊണ്ടു് സെറ്റിൽമെൻറു നടത്തേണ്ടതു് ആവശ്യമാണു്. അതനുസരിച്ചു് ഇന്നത്തെ റവന്യൂ റെക്കാർഡുകളും എല്ലാം പരിശോധിച്ചു് പുതുക്കേണ്ടതു് അത്യാവശ്യമായിത്തീർന്നിരിക്കുന്നു. ഇന്നത്തെ റവന്യൂ റിക്കാർഡുകളും ഇന്നു നിലവിലുള്ള ഭൂമികളുമായിട്ടു് യാതൊരു പൊരുത്തവുമില്ലാത്ത നിലയിൽ കിടക്കുകയാണു്. അതുപോലെ പോക്കുവരവു് വില്ലേജു് ആഫീസർ യഥാസമയം നടത്തുന്നില്ല. അതുകൊണ്ടു് വളരെയേറെ ബുദ്ധിമുട്ടുകൾ ആളുകൾക്കുണ്ടാവുന്നുണ്ടെന്നു് ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുകയാണു്. അതുപോലെതന്നെ റവന്യൂ ഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാരെ സംബന്ധിച്ചിടത്തോളംവില്ലേജു് ആഫീസറന്മാർ വളരെയേറെ അവശതകൾ അനുഭവിക്കുന്ന ഒരു വിഭാഗം ആളുകളാണു്. അവരുടെ ഗ്രേഡിൽപ്പെട്ട മറെറാളുകൾക്കു കിട്ടുന്ന ആനുകൂല്യങ്ങൾ അവർക്കു കിട്ടുന്നില്ല എന്നു ഒരു പരാതിയുണ്ടു്. ശമ്പളത്തിലായാലും, അലവൻസിൻെറ കാര്യത്തിലായാലും അവർക്കു് മറെറുള്ളവർക്കു കിട്ടുന്നമാതിരി കിട്ടുന്നില്ല എന്ന പരാതിയുണ്ടു്. ഇതു പരിഹരിക്കുന്നതിനു് ഗവണ്മെൻറു് ശ്രദ്ധിക്കേണ്ടതാണു്.

മറെറാരു കാര്യം പറയാനുള്ളതു് വില്ലേജുകളുടേയും താലൂക്കുകളുടേയും പുനഃസംഘടനയെ സംബന്ധിച്ചാണു്. അഡ്മിനിസ്ട്രേഷൻ കമ്മിറെറി റിപ്പോർട്ടിൽ ഇതു സംബന്ധിച്ചു് വ്യക്തമായ ചില നിർദ്ദേശങ്ങളുണ്ടു്. ബ്ലോക്കു് അടിസ്ഥാനത്തിൽ താലൂക്കുകളായിരിക്കണമെന്നും, പഞ്ചായത്തടിസ്ഥാനത്തിൽ വില്ലേജായിരിക്കണമെന്നും നിർദ്ദേശമുണ്ടു്. ഈ ശുപാർശകളും നടപ്പിലായാൽ ഭരണപരമായി കൂടുതൽ സൌകര്യമുണ്ടാകും വ്യയസങ്കോചനവും നടക്കും. അതുകൊണ്ടു് ഈ നിർദ്ദേശങ്ങളും കഴിയുന്ന വേഗത്തിൽ നടപ്പിലാക്കാൻ ഗവണ്മെൻറു് ശ്രദ്ധിക്കണം. ഇന്നു് വളരെയധികം വില്ലേജുകളും, പഞ്ചായത്തുകളുമായി യാതൊരു പൊരുത്തവുമില്ല. അതുപോലെതന്നെ ബ്ലോക്കും താലൂക്കുകളുമായിട്ടും യാതൊരു പൊരുത്തവുമില്ല. ഇതു് വളരെയേറെ കുഴപ്പങ്ങളും ഉണ്ടാക്കുന്നുണ്ടു്. ഇതെല്ലാം ഭരണപരിഷ്കാരകമ്മിറെറിയുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ കൊണ്ടുവരുകയാണെങ്കിൽ വളരെയേറെ വ്യത്യാസം വരുകയും ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്കു് ഉപകാരപ്രദമായിത്തീരുകയും ചെയ്യും. അതുപോലെതന്നെ ഇന്നു് ഈ നാട്ടിൽ കർഷകരുടെയിടയിൽ എന്തെന്നില്ലാത്ത ഒരു ഭീതിയുണ്ടായിട്ടുണ്ടു്. വനസംരക്ഷണത്തിനുവേണ്ടി ആളുകളെ ഒഴിപ്പിക്കുന്ന ഒരു നടപടി ഈ രാജ്യത്തു് ഉണ്ടായിട്ടുണ്ടു്. ഈ കാര്യത്തിനു വേണ്ടി ഒഴിപ്പിക്കലുകളും ഉണ്ടാവുകയില്ല എന്നു ഗവണ്മെൻറിൽനിന്നു് ഉറപ്പു കൊടുത്തിട്ടുള്ളതായി അറിയുന്നു. ഇതിനെപ്പററി വ്യക്തമായ ഒരു തീരുമാനം ഗവണ്മെൻറിൽനിന്നും ഉണ്ടാകേണ്ടതാണെന്നാണു് എൻെറ അഭിപ്രായം. ഈ രാജ്യത്തെ കർഷകർ ഇന്നു് ഭീതിയോടും ആശങ്കയോടുംകൂടി കഴിയുകയാണു്. അവരുടെ ഭീതിയും ആശങ്കയും അവസാനിപ്പിച്ചു് അവരെ സംബ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. തോമസ്സ്]

ന്ധിച്ചിടത്തോളം വ്യക്തമായ ഒരു നിലപാടു് ഈ ഗവണ്മെന്റു് സ്വീകരിക്കണമെന്നും ഈ രാജ്യത്തുണ്ടായിട്ടുള്ള അസ്വസ്ഥതകൾക്കു് ഒരു പരിഹാരം ഉണ്ടാക്കണമെന്നും ഞാൻ ഈ അവസരത്തിൽ ഗവണ്മെൻറിനോടു് അഭ്യർത്ഥിക്കുകയാണു്. അവരുടെ കൈവശമുള്ള ഭൂമി, ഗവണ്മെൻറിനു വേണ്ടാത്ത ഭൂമി, പ്രോജക്ടു് ആവശ്യത്തിനു് എടുക്കാത്ത ഭൂമി ഇവർക്കു് കൊടുക്കുന്നതിനുള്ള നടപടികൾ എടുക്കണം. എങ്കിൽ ഇന്നുള്ള ഭീതിയും ആശങ്കയും അവസാനിപ്പിച്ചു് അവരുടെയിടയിൽ ഗവണ്മെൻറിനെ സംബന്ധിച്ചുള്ള ധാരണമാറി ശരിയായ നിലയിൽ രാജ്യത്തോടു കൂറുള്ളവരായിട്ടു പ്രവർത്തിക്കുന്നതിനു് ആത്മാർത്ഥമായി അവർ മുന്നോട്ടുവരുമെന്നുള്ളതിൽ സംശയമില്ല. അത്തരത്തിൽ ഗവണ്മെൻറു് നടപടികൾ നടത്തണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

സർ, ഒരു കാര്യംകൂടി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണു്. ഇന്നു് കളക്ടറന്മാരായിട്ടു് ഈ രാജ്യത്തു് പെരുപ്പക്കാരായിട്ടുള്ളതു് ഐ. എ. എസ്. ഉദ്യോഗസ്ഥന്മാരാണു്, അവരുടെയെല്ലാം മട്ടും ഭാവവും കണ്ടാൽ കപ്പലിൽനിന്നു് ഇപ്പോഴാ ഇറങ്ങിയതേയുള്ള എന്നു തോന്നിപ്പോകും. ഇന്നു് ചോദ്യോത്തരവേളയിൽത്തന്നെ ഒന്നരണ്ടുദാഹരണങ്ങളും പറഞ്ഞു. ഞാൻ കോട്ടയം കളക്ടരുടെ പെരുമാറ്റത്തെപ്പറ്റി പറയാനാഗ്രഹിക്കുകയാണു്. വളരെയേറെ പരാതികൾ ആ ഉദ്യോഗസ്ഥനെ സംബന്ധിച്ചുണ്ടായിട്ടുണ്ടു്. അദ്ദേഹം കോട്ടയത്തെ ഒരു അഭിഭാഷകനോടു് അപമര്യാദയായി പെരുമാറി; പരസ്യമായി അദ്ദേഹത്തെ അവഹേളിച്ച ഒരു സംഭവമുണ്ടായി. അതിനെസംബന്ധിച്ചു് അദ്ദേഹം ബാർ കൗൺസിലിൽ പരാതിപ്പെട്ടു. ബാർ കൗൺസിൽ അന്വേഷണം നടത്തി ശരിയാണെന്നുകണ്ടു് കേരളാ ബാർകൗൺസിൽ പ്രതിഷേധിച്ചുകൊണ്ടു് തക്കതായ നടപടികൾ നടത്തണമെന്നു് ഒരു പ്രമേയം പാസ്സാക്കി ഗവണ്മെൻറിലേക്കു് അയച്ചിട്ടുണ്ടു്. മാത്രമല്ല ഇൻഡ്യൻ ബാർ കൗൺസിലും പ്രതിഷേധം രേഖപ്പെടുത്തിയിരിക്കുകയാണു്. കേരള ബാർ കൗൺസിൽ മാത്രമല്ല ഇൻഡ്യൻ ബാർ കൗൺസിലും പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് ഗവണ്മെൻറു് അന്വേഷണം നടത്തിയിട്ടില്ല. വളരെ ഒച്ചപ്പാടുണ്ടാക്കിയ ബാർ കൗൺസിൽ മുഴുവൻ പ്രതിഷേധിച്ച ഒരു സംഭവത്തെ സംബന്ധിച്ചിടത്തോളം ന്യായമായ നടപടി നടത്താൻ ഗവണ്മെൻറിനു സാധിച്ചിട്ടില്ലെന്നു പറയുകയാണെങ്കിൽ അതു് പരിതാപകരമായ വസ്തുതയാണു് എന്നു് ഒരു അഡ്വക്കേറ്റു് എന്നുള്ള നിലയിൽ എനിക്കു് പറയാതിരിക്കാൻ നിവൃത്തിയില്ല.

ഇതുപോലെ മറ്റു പല ഉദാഹരണങ്ങളും പറയാൻ സാധിക്കും. ഗവണ്മെൻറിൽനിന്നു കൊടുക്കുന്ന വ്യക്തമായ ആർഡറുകൾ ധിക്കരിച്ചുകൊണ്ടു് നടപടികൾ നടത്തുന്നുണ്ടു്. ഗവണ്മെൻറിൽനിന്നു സ്റ്റേ കൊടുക്കുകയാണെങ്കിൽ ആ സ്റ്റേ വകവയ്ക്കാതെ മുന്നോട്ടുപോയിട്ടുള്ളതായും പല കൽപ്പനകളും ധിക്കരിച്ചുകൊണ്ടു് പ്രവർത്തനം നടത്തിയതായിട്ടുമുള്ള ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ടു്. ഇതു സംബന്ധിച്ചു് എന്തു നടപടിയാണു് ഗവണ്മെൻറു് നടത്താൻ പോകുന്നതെന്നു് അറിയേണ്ടതുണ്ടു്. കഴിഞ്ഞമുന്നുമാസക്കാലമായി കോട്ടയം ഡി. ഡി. സി. വിളിച്ചു കൂട്ടിയിട്ടില്ല. അസംബ്ലിക്കൂടുന്ന സമയത്താണു് സാധാരണ യോഗം വിളിച്ചുകൂട്ടുന്നതു്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ യോഗം മാറ്റിവയ്ക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുപോലും അതു വകവച്ചിട്ടില്ല. കോട്ടയം കളക്ടർ ഗവണ്മെൻറിനെയും പൊതുജനങ്ങളെയും ധിക്കരിച്ചുകൊണ്ടു് പ്രവർത്തനം നടത്തുന്നു. ഇതുപോലുള്ള ഉദ്യോഗസ്ഥന്മാരിൽനിന്നു് ഞങ്ങളെ രക്ഷിക്കണമേ എന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ ഡിമാൻറിനെ ഒന്നുകൂടി അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. എം. വി. വാസു: സർ, പാറപോലെ ഉറച്ച ഗവണ്മെൻറാണു് ഇവിടെ ഭരിക്കുന്നതെന്നു് പറഞ്ഞു. ഇവിടെ ലാൻറു് റവന്യൂ വകുപ്പു് കൈകാര്യം ചെയ്യുന്നതു് മുന്നാമത്തെ മന്ത്രിയാണെന്നുള്ള കാര്യം അവർ മറന്നുകൊണ്ടാണു് ഇങ്ങനെ പറയുന്നതു്. ഇവിടെ ശ്രീ. ചന്ദ്രശേഖരൻ കൈക്കൊള്ള

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ മന്ത്രിയായിരുന്നു, പിന്നെ ശ്രീ. ചാക്കോ റവന്യൂമന്ത്രിയായിരുന്നു. ഇപ്പോൾ ശ്രീ. തൊമ്മൻ റവന്യൂമന്ത്രിയായിരിക്കുന്നു. ഇവിടെ നമ്മുടെ രാജ്യത്തിന്റെ രാഷ്ട്രശരീരത്തിൽ പൊട്ടി ഒലിക്കുന്ന വ്രണമാണു് നാടുവാഴിത്തത്തിന്റെ അവശിഷ്ടങ്ങളും. അതനുസരിച്ചു് മുന്നോട്ടു പോകാൻ സാദ്ധ്യമല്ലെന്നു അനുഭവംകൊണ്ടു് തെളിഞ്ഞുകഴിഞ്ഞിട്ടുണ്ടു്. എന്നാൽ ഇവിടെ കാർഷിക ബന്ധനിയമം പാസ്സാക്കി അതു നടപ്പിൽ വരുത്തുന്നതിനു കാലതാമസം വന്നിട്ടുണ്ടു്. അതുകൊണ്ടു് പല സമരങ്ങളും നടക്കാൻ ഇടയായിട്ടുണ്ടു് ഇവിടെ വേണ്ടത്ര ടൈബ്യൂണലിനെ നിയമിച്ചിട്ടില്ല. രേഖയില്ലാത്ത കൃഷിക്കാർക്കു് രേഖ ഉണ്ടാക്കിക്കൊടുക്കാൻ ഒന്നും ശ്രമിച്ചിട്ടില്ല. ഇതിന്റെ ഫലമായി 20,000 ത്തോളം കൃഷിക്കാർജയിലിൽ പോകാൻ ഇടയായിട്ടുണ്ടു്. ആക്കൂട്ടത്തിൽ ഞാനും കൂടെ നാം കണ്ണൂർ സെൻട്രൽ ജയിലിൽ കിടന്നിട്ടുണ്ടു്. ധർമ്മംകൊടുക്കാനുള്ള അവകാശം തനിക്കാണെന്നു പറഞ്ഞു, പോയ ഭിക്ഷക്കാരനെ തിരിച്ചു വിളിച്ചു് ഇവിടെ ഒന്നും ഇല്ലെന്നു പറയുന്ന കാരണവന്റെ മട്ടിലാണു് ഈ രാജ്യത്തിനാവശ്യമില്ലാത്ത ഈ ഭ്രൂപരിഷ്കരണനിയമം പാസ്സാക്കിയതു്. ഞാൻ പറയുകയാണു് ഇതൊരു ജന്മി സംരക്ഷണ നിയമമാണെന്നു്. ഈ രാജ്യത്തിലെ മുന്നുകക്ഷികളും കൂടി വോട്ടിനുവന്നു് ജന്മിമാരെയും തോട്ടമുടമകളെയും സംരക്ഷിക്കാൻ തക്കവണ്ണം നിയമമുണ്ടാക്കാമെന്നു പറഞ്ഞാണു് ഈ ബില്ലു് പാസ്സാക്കിയതു്. കാർഷികബന്ധനിയമം ഞങ്ങളും നടപ്പാക്കുമെന്നു പറഞ്ഞാണു് സാധാരണക്കാരന്റെ വോട്ടു മേടിച്ചതു്. അതിനുശേഷം ഇവർ അധികാരത്തിൽവന്നിട്ടു് കൊട്ടിയൂരിലേയും, തൃശ്ശൂരിലേയും, കൃഷിക്കാരെ അടിച്ചുതകർത്തു ഇല്ലായ്മചെയ്തതു് ഈ ഗവണ്മെന്റുതന്നെ. പടിപ്പടിയായിട്ടു് ഈ നിയമം നടപ്പിലാക്കണമെന്നു് ആഗ്രഹമുള്ളവരുമായി പൊരുത്തപ്പെട്ടുപോകാൻ സാധിക്കാത്തതിന്റെ ഫലമായി ശ്രീ ചന്ദ്രശേഖരൻ പുറത്താകേണ്ടിവന്നു. പി. എസ്. പി. പുറകോട്ടുമാറി. പിന്നെ തങ്ങൾക്കാണു് ധർമ്മം കൊടുക്കാൻ അവകാശമെന്നു പറഞ്ഞു കാൺഗ്രസ്സു് ഒരു നിയമം പാസ്സാക്കി. ആക്കുവേണ്ടിയാണു് ഈ നിയമം പാസ്സാക്കിയതെന്നു ഞാൻ ചോദിക്കുകയാണു്. ആ ചോദ്യം, കുട്ടനാട്ടിലും ലക്ഷക്കണക്കിനു് ഏക്കർ കൈവശംവച്ചിരിക്കുന്ന കായൽ രാജാക്കന്മാർക്കു് അവരുടെ നിലങ്ങളും പരിധിയിൽനിന്നു് ഒഴിവാക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടു് ഒരു വകുപ്പു് എഴുതിയുണ്ടാക്കി അതുപോലെതന്നെ ചെറുകിടക്കാരുടെ പേരും പറഞ്ഞു് ഒരു ശിഖണ്ഡിയെ ഉയർത്തിക്കൊണ്ടു് ജന്മിമാരെ സംരക്ഷിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിരിക്കുകയാണു്. പക്ഷേ മലവെള്ളംപോലെ വരുന്ന കൃഷിക്കാരുടെ സമരത്തിന്റെ മുമ്പിൽ മണൽത്തരികൊണ്ടു ചിറകെട്ടാൻ മോഹിക്കേണ്ട എന്നാണു് എനിക്കു പറയാനുള്ളതു്. റവന്യൂ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തിലെ ബ്രിട്ടീഷു് ബ്യൂറോക്രസിയെപ്പോലും അതിശയിക്കത്തക്ക രീതിയിൽ പോലീസു് ഡിപ്പാർട്ടുമെന്റു് മർദ്ദനങ്ങളും. ആരംഭിച്ചിരിക്കുകയാണു്. ഇവിടെ കൃഷിക്കാരുടെ നികുതി വർദ്ധിപ്പിച്ചു് അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ അടിച്ചമർത്തുന്നതിനുള്ള ഒരു പോയിന്റു വച്ചുകൊണ്ടു് റവന്യൂഡിപ്പാർട്ടുമെന്റു് മുന്നോട്ടുപോവുകയാണു്. ഇതിനെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷുകാർ രാജ്യം ഭരിച്ചിരുന്ന കാലത്തെപ്പറ്റി ഞങ്ങളുടെ നാട്ടിൽ ഒരു പാട്ടുണ്ടു്. അതു് വെള്ളക്കാരുടെ നയത്തെ സൂചിപ്പിക്കുന്നവയാണു്.

"കണ്ടരു് കണ്ടപ്പൻ നാഗപ്പൻ നാച്ചൻ
കുണ്ടുകുളങ്ങര നാകനാച്ചൻ
ഇട്ടൻതമ്പു തമ്പുക്കുട്ടൻ
പട്ടുകുളങ്ങര നാകനാച്ചൻ
കെട്ടും പുമട്ടമെടുപ്പിച്ചിട്ടു്
നട്ടുച്ചയ്ക്കു് വെയിലത്തു നിറുത്തി."

എന്നു സൂചിപ്പിച്ച മാതിരി കിട്ടാത്ത വെള്ളത്തിനുവേണ്ടി നികുതി പിരിച്ചു്, അതുകൊടുക്കാൻ നിവൃത്തിയില്ലാത്തവരിൽനിന്നു് നെല്ലും മറ്റും എടുത്തുകൊണ്ടുവളരെ മർദ്ദനപരമായി വെള്ളക്കാർ പെരുമാറിയതുപോലെയാണു് ഇപ്പോഴും പെരുമാറുന്നതു്. അതിനു് യാതൊരു മാറ്റവും വന്നിട്ടില്ല. എനിക്കു് ഇക്കാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. വി. വാസു]

ര്യത്തിൽ ബഹുമാനപ്പെട്ട റവന്യൂമന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്താനുള്ളത് ഈ സന്ദർഭത്തിൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഈ നിയമം പാസ്സാക്കി പാട്ടം വർദ്ധിപ്പിക്കാനുള്ള വല്ല നടപടിയും എടുക്കുകയാണെങ്കിൽ അതിൽ കൃഷിക്കാരുടെ ഭാഗത്തുനിന്നു് ശക്തിയായ എതിർപ്പുണ്ടാവുമെന്നാണു്. 53-54 കാലത്തു് പാട്ടം കുറച്ചുകിട്ടണമെന്നു് ശ്രീ. രാജഗോപാലാചാരി മദ്രാസിൽ ചീഫ് മിനിസ്റ്ററായിരുന്നപ്പോൾ വമ്പിച്ച പ്രക്ഷോഭണം നടത്തി പലതും നേടിയെടുത്തിട്ടുള്ളവരാണു് അവിടത്തെ കർഷകർ. അവരുടെ പേരിൽ പാട്ടം വർദ്ധിപ്പിച്ചു് മുതൽ പാട്ടം വസൂലാക്കുന്നതിനുള്ള നടപടികളും എടുക്കുകയാണെങ്കിൽ അതു് ഈ മന്ത്രിസഭയെത്തന്നെ ബാധിക്കുമെന്നു് ഞാൻ പറയാൻ ആഗ്രഹിക്കുകയാണു്. കാരണം ഞാൻ നേരത്തെ പറഞ്ഞമാതിരി ആരേയും ചവിട്ടിത്താഴ്ത്താൻ സാദ്ധ്യമല്ല. ആയതുകൊണ്ടു് ഭൂപരിഷ്കരണ നിയമത്തിന്റെ കാര്യത്തിലും അതുപോലെതന്നെ മറ്റു സ്കീമുകളുടെ കാര്യത്തിലും മന്ത്രി പ്രത്യേകം ശ്രദ്ധിക്കണം.

അട്ടപ്പാടി ലാൻഡ് ഡവലപ്പ്മെന്റ് സ്കീമിൽ ഉദ്യോഗസ്ഥന്മാരുടെ അശ്രദ്ധകൊണ്ടു് ഒരു കോടി രൂപയോളം ലാപ്സാകാൻ പോവുകയാണു്. കഷ്ടിച്ചു് ഇരുപതുലക്ഷം രൂപമാത്രമാണു് ചെലവാക്കാൻ സാധിച്ചിട്ടുള്ളതു്. റോഡുണ്ടാക്കുക, വീടു കെട്ടുക, തുടങ്ങി പല പരിപാടികളും തീരുമാനിച്ചിട്ടുണ്ടു്. അതിൽ യാതൊരു ശ്രദ്ധയും ഉണ്ടായിട്ടില്ല. പുതിയ ഭൂപരിഷ്കരണ നിയമത്തിൽ കൃഷിക്കാരനെതിരായി ബാധിക്കുന്ന വ്യവസ്ഥകളും നീക്കംചെയ്യാൻ ഒരു അമെൻഡുമെന്റു് ബിൽ കൊണ്ടുവരാൻ ഈ സഭ അടുത്തുതന്നെ സമ്മേളിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഭൂപരിഷ്കരണനിയമം കൊണ്ടുവന്നതു് ഏതു കാലഘട്ടത്തിലാണെന്നോർമ്മിക്കണം. അടിയന്തിരാവസ്ഥയുടെ പേരിൽ ഈ രാജ്യത്തെ കൃഷിക്കാരെ കെട്ടിയിട്ടുകൊണ്ടാണു് നിയമം പാസ്സാക്കിയതു്. പഴയ കാർഷികബന്ധ നിയമം സംബന്ധിച്ചു് കോടതിയിൽ കേസു പോയപ്പോൾ വേണ്ടപോലെ വാദിക്കുകയോ, അപ്പീൽ കേസു് നടത്തുകയൊ ചെയ്തിട്ടില്ല. ഏതോ വകുപ്പു് ദുർബലപ്പെട്ടെന്നു കോടതി പറഞ്ഞപ്പോൾ ഗവണ്മെന്റു് മുൻവൻ നിയമവും സസ്പെൻഡു് ചെയ്കയാണു് ചെയ്തതു്. കൃഷിക്കാരനു തിണ്ണബലമില്ലാത്ത നിലയിൽ കൃഷിക്കാരന്റെ നാവു വരിഞ്ഞുകെട്ടിയ സന്ദർഭത്തിൽ ആണു ഭൂപരിഷ്കരണനിയമം പാസ്സാക്കിയതു്. ഈ നിയമം ഇതേപടി സ്വീകരിക്കാൻ കൃഷിക്കാരൻ ബാദ്ധ്യസ്ഥനല്ല. 'ലാൻഡ് ടു ദി ടില്ലർ' എന്നു പറഞ്ഞു് സ്വാതന്ത്ര്യ സമരം നടത്തി വെള്ളക്കാർ നാടുവിട്ടുപോയശേഷം ഈ സന്ദർഭത്തിൽ ജന്മി നാടുവാഴിത്തം അരക്കിട്ടുറപ്പിക്കാനുള്ള പരിശ്രമം അഭിലഷണീയമല്ല. അതു് ദേശീയ പ്രസ്ഥാനത്തെ എതിർക്കുന്നതിനു തുല്യമാണു്. ഇന്നു് എന്തെങ്കിലും പറയുമ്പോൾ ഭരണഘടനാ വിരുദ്ധമാണെന്നു പറയും. ഭരണഘടന ഇരുമ്പുലക്കയൊന്നുമല്ല. ഈ രാജ്യത്തെ ഭൂരിപക്ഷം വരുന്ന, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കു് ഗുണംചെയ്യാൻ അവക്കു് ഭൂമിയിൽ ഉടമസ്ഥാവകാശം കൊടുക്കാൻ ഭരണഘടന വിരുദ്ധമായി നിൽക്കുകയാണെങ്കിൽ ആ ഭരണഘടനയിൽ വേണ്ട മാറ്റങ്ങളും വരുത്താൻ കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തുകയാണു ഈ ഗവണ്മെന്റു് ചെയ്യാനുള്ളതു്. 17-ാം ഭരണഘടനാ ഭേദഗതി ബിൽ പാർലമെന്റിൽ കൊണ്ടുവന്നപ്പോൾ അതു് പാസ്സാക്കിക്കിട്ടണമെന്നു പറയേണ്ട. ഈ ഗവണ്മെന്റു് അതിനെതിരായി സ്വതന്ത്ര പാർട്ടിക്കാർ സമരം നടത്തിയപ്പോൾ, വേറെ നിയമം പാസ്സാക്കി അതു് ഷെഡ്യൂളിൽപെടുത്തണമെന്നു പറഞ്ഞപ്പോൾ, ഈ ഗവണ്മെന്റു് സ്വതന്ത്ര പാർട്ടിയുടെ ഒരു ഘടകമാണോയെന്നു ചോദിക്കാൻ തോന്നുന്നു. കാർഷികപരിഷ്കരണം നടപ്പിലാകണമെങ്കിൽ, നാട്ടിൻപുറങ്ങളിലെ ജനങ്ങളുടെ അദ്ധ്വാനശക്തി കെട്ടഴിച്ചു വിടുകയാണു് വേണ്ടതു്. ഇന്നു് അവർക്കൊരാവേശം തോന്നുന്നില്ല. അവരുടെ ശക്തി ഉറങ്ങിക്കിടക്കുകയാണു്. പദ്ധതിയെപ്പറ്റി ഇവിടെ സംസാരിച്ചപ്പോൾ 12 അണയുടെപോലും കൂലിക്കാരെ കിട്ടുമെന്നു പറയുകയുണ്ടായി. സാധാരണക്കാരായപണിയെടുക്കുന്നവരോടു പുച്ഛമായ മനോഭാവം പുലർത്തിയ പഴയ സ്റ്റേറ്റിന്റെ ഭരണകാലത്തെ അടവുകളും തന്ത്രങ്ങളുമാണു് ഇന്നും കാണുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ വരുത്തേണ്ടതു് അടിയന്തിരമായ കാർഷിക പരിഷ്കരണമാണു്. 24 മണിക്കൂറും 48 മണിക്കൂറും വച്ചുകൊണ്ടുള്ള കാർഷികപരിഷ്കരണമാണു് വരുത്തേണ്ടതു്. സ്വാതന്ത്ര്യം നേടിയ പല രാജ്യങ്ങളും കളക്ടീവ് ഫാംസ് രൂപീകരിച്ചു് കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തിവരുന്നതായി നമുക്കു് കാണാൻ കഴിയും. എന്തിനാണു് ജന്മാവകാശവും കാണാവകാശവുമെന്നെല്ലാം പറഞ്ഞു തമ്മിൽ തല്ലുന്നതു്. രാജ്യത്തു കൂടുതൽ ഉൽപ്പാദിപ്പിക്കണം, പൊതുവെ രാജ്യക്ഷേമമുണ്ടാകണം. അതിനു പഞ്ചായത്തുകൾക്കു് ഭൂമി മുഴുവൻ വിട്ടുകൊടുത്തു് പഞ്ചായത്തടിസ്ഥാനത്തിൽ കൃഷി ഫാംസ് ഉണ്ടാക്കി കൃഷിയെ വ്യവസായവൽകരിച്ചുകൂടേ, എന്നാലോചിക്കണം. ഇന്നു് പേരിനു് ചില കളക്ടീവ് ഫാംസ് ഉണ്ടു്. അതു് കുതിരയുടെ മുമ്പിൽ വണ്ടി കെട്ടുന്നതുപോലെയാണു്. ചിറ്റൂരിൽ കോവാപ്പറേറ്റീവ് ഫാം നടക്കുന്നുണ്ടു്. ആ ഫാംസിൽ പാട്ടം ജന്മിമാക്കു കൊടുക്കണം. അതുകൊണ്ടു് പാട്ടക്കുടിയാന്മാരുടെ രീതിയിലല്ലാതെ ആവേശത്തോടുകൂടിയുള്ള ഒരു പ്രവർത്തനവും ഉണ്ടാവുകയില്ല. കഴിയുന്ന വേഗം ജന്മിത്വം അവസാനിപ്പിക്കുന്നതിനുള്ള നയം സ്വീകരിച്ചുകൊണ്ടുവേണം പരിഷ്കരണം നടപ്പിലാക്കാൻ. ജന്മിയെ കൃഷിക്കാരനാക്കാമെന്നു വിചാരിച്ചു് പതുക്കെപ്പതുക്കെ പോകാമെന്നുള്ള തരത്തിൽ നിയമം കൊണ്ടുവന്നാൽ പോരാ, ഇന്നു പണിയെടുത്തുകൊണ്ടിരിക്കുന്നവരിൽനിന്നും ഭൂമിയെടുക്കാനുള്ള നിയമം വിലപ്പോവുകയില്ല. അതു് ഈ രാജ്യത്തു നടപ്പിലാക്കാൻ പ്രയാസമുണ്ടാകും. രാഷ്ട്ര ശരീരത്തിൽ ജന്മിത്വമാകുന്ന വ്രണം പൊട്ടി ദുർഗന്ധം വമിച്ചുകൊണ്ടിരിക്കുകയാണു്. അങ്ങനെയുള്ള ജന്മിമാരുടെ, വർഗ്ഗീയ കോമരങ്ങളുടെ താൽപര്യസംരക്ഷണത്തിനുള്ള ഒരു പ്രവണതയാണു് ഇവിടെ കാണുന്നതു്. അതിനെതിരായി ഈ രാജ്യത്തെ പുരോഗമന ശക്തികളും ഒറ്റക്കെട്ടായി നിന്നു പ്രവർത്തിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഭരണഘടനയിൽ എത്രതന്നെ തടസ്സമുണ്ടായിരുന്നാലും അതിനു സരിച്ചുഅനുസരിച്ചു നീങ്ങേണ്ടതു് ഗവണ്മെൻറിന്റെ കർമമെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ആർ. വിജയൻ : ബഹുമാനപ്പെട്ട റവന്യൂമന്ത്രി അവതരിപ്പിച്ച ഡിമാൻഡിനെ ഞാൻ അനുകൂലിക്കുകയാണു്. ഈ അവസരത്തിൽ റവന്യൂ ഭരണത്തെ സംബന്ധിച്ചുള്ള ചില സംഗതികളും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഗ്രാമീണരായ കൃഷിക്കാർ വില്ലേജുദ്യോഗസ്ഥന്മാരും താലൂക്കുദ്യോഗസ്ഥന്മാരുമായിട്ടാണു ഭരണപരമായ കാര്യങ്ങളിൽ സാധാരണ സമ്പർക്കത്തിൽ ഏർപ്പെട്ടുവരുന്നതു്. വളരെയധികം കാര്യങ്ങളിൽ അവർക്കു വില്ലേജ് ഉദ്യോഗസ്ഥന്മാരേയും താലൂക്കു ഉദ്യോഗസ്ഥന്മാരേയും ആശ്രയിക്കേണ്ടതുണ്ടു്. വികസനപ്രവർത്തനങ്ങളുടെ കാര്യങ്ങളിലായാലും, സഹായധനം ലഭിക്കേണ്ട കാര്യങ്ങളിലായാലും, വില്ലേജാഫീസിൽനിന്നോ അല്ലെങ്കിൽ താലൂക്കാഫീസിൽനിന്നോ സർട്ടിഫിക്കറ്റുകളും സമ്പാദിക്കേണ്ടിവരും. ഒരു പമ്പുസെറ്റു ലോണിൽനിന്നും ലഭിക്കുന്നതിനു് വില്ലേജാഫീസറുടെ സോൽവെൻസി സർട്ടിഫിക്കറ്റു വേണം. ഒരു വീടിനു ലോൺ ലഭിക്കണമെങ്കിലും സോൽവെൻസി സർട്ടിഫിക്കറ്റു വേണം. പിന്നാക്കസമുദായങ്ങൾക്കു് ആനുകൂല്യങ്ങളും ലഭിക്കുന്നതിനു് അവരുടെ കമ്മ്യൂണിറ്റിയെ സംബന്ധിച്ചും ആദായത്തെ സംബന്ധിച്ചും സർട്ടിഫിക്കറ്റു വേണം. ഇങ്ങനെയുള്ള പല കാര്യങ്ങളും വില്ലേജുദ്യോഗസ്ഥന്മാരെ ആശ്രയിച്ചു് വാങ്ങേണ്ടതുണ്ടു്. അതുപോലെതന്നെ റേഷൻ ഉള്ളതുകൊണ്ടു് അരിയും പഞ്ചസാരയും റേഷൻ കടകളിൽനിന്നു വാങ്ങുന്നതിനും. ഇത്തരം ആഫീസുകളെ ആശ്രയിക്കാതെ നിവൃത്തിയില്ല. ഭരണത്തിന്റെ ഏറ്റവും കീഴ്ഘടകമായി പ്രവർത്തിക്കുന്ന വില്ലേജ് ഉദ്യോഗസ്ഥന്മാരെ സമീപിക്കുമ്പോൾ ഇത്തരം കാര്യങ്ങളിൽ ജനങ്ങൾക്കു വളരെ അധികം ബുദ്ധിമുട്ടു നേരിടുന്നുണ്ടു്, ഒരുദിവസം ഒരാൾ അയാളുടെ പണിയും കളഞ്ഞു രാവിലെ മുതൽ വില്ലേജാഫീസിൽ കാത്തുകിടന്നാൽ വൈകുന്നേരം യാതൊരു സമാധാനവും ലഭിക്കാതെ പിരിയുന്ന സന്ദർഭങ്ങൾ വളരെയുണ്ടു്. ഇത്തരം സന്ദർഭങ്ങളിലെല്ലാംതന്നെ ജനങ്ങൾക്കു ഭരണത്തെ സംബന്ധിച്ചുള്ള മതിപ്പു് കുറയുമെന്നുള്ളതിനു് സംശയമില്ല. ഇങ്ങനെ ഗ്രാമീണജനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ആർ. വിജയൻ]

ബുദ്ധിമുട്ട പരിഹരിക്കുന്നതിന് അവരുമായി നിത്യസമ്പർക്കത്തിൽ ഏർപ്പെടേണ്ട ഉദ്യോഗസ്ഥന്മാരുടെ പെരുമാറ്റം നന്നായിരിക്കാനും ഈവക കാര്യങ്ങളിൽ അവർ നിർവഹിക്കേണ്ട ജോലി ഏറ്റവും ശ്രദ്ധയോടുകൂടി ചെയ്യുന്നതിനും ഗവണ്മെന്റ് പ്രത്യേകം നിർദ്ദേശം കൊടുക്കേണ്ടതാണ്. വാർദ്ധക്യകാല പെൻഷനും, ക്ഷയരോഗികൾക്കും വിധവകൾക്കുമുള്ള സഹായ ധനത്തിനും എല്ലാംതന്നെ സർട്ടിഫൈ ചെയ്യേണ്ടത് വില്ലേജുദ്യോഗസ്ഥന്മാരാണ്. വാർദ്ധക്യകാലപെൻഷന്റെ കാര്യത്തിൽ ഇവിടെത്തന്നെ പലപ്പോഴും ആക്ഷേപം ഉയർന്നുകേട്ടിട്ടുള്ളതാണ്. വാർദ്ധക്യകാലപെൻഷൻ യഥാസമയത്തല്ല് പലർക്കും കിട്ടാതെ വന്നിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ വളരെ നിഷ്കർഷയായി പെരുമാറണമെന്ന നിർദ്ദേശം കൊടുക്കേണ്ടതാണ്.

ലാൻഡ് അസൈൻമെൻറിനെപ്പറ്റി ഇവിടെ സംസാരിച്ചുകേട്ടു. ആ കമ്മിറ്റി ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇത്തരം കമ്മിറ്റികൾ കുറഞ്ഞൊരു കാലമായി പ്രവർത്തനം ചുരുക്കിച്ചുരുക്കി വരികയായിരുന്നു. വില്ലേജുദ്യോഗസ്ഥന്മാരുടെ അനാസ്ഥ ഇക്കാര്യത്തിൽ ഉണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. പലപ്പോഴും ഈ കമ്മിറ്റി സമ്മേളിക്കുന്ന അവസരത്തിൽ ഒന്നോ രണ്ടോ ഏക്കർ ഭൂമി അല്ലെങ്കിൽ ആറോ പേർക്ക് കൊടുക്കത്തക്ക ശുപാർശകൾ മാത്രമാണ് അവിടെ വയ്ക്കുന്നത്. കൂടുതൽ അപേക്ഷകൾ പരിശോധിച്ച് ശുപാർശ വന്നിരുന്നുവെങ്കിൽ കൂടുതൽ ആളുകൾക്ക് ഭൂമി പതിച്ചുകൊടുക്കാൻ സാധിക്കുമായിരുന്നു. ഇന്നത്തെ കണക്കുകൊണ്ട് 38000 ഏക്കറോളം ഭൂമി കഴിഞ്ഞകാലത്തു കൊടുക്കാൻ കഴിഞ്ഞുവെന്നുള്ളതു് ഈ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം തീർച്ചയായും അഭിമാനത്തിന വക നൽകുന്നുണ്ട്. എന്നാൽ ഇന്നു പതിച്ചുകൊടുക്കാൻ പാടില്ലാത്ത ഭൂമിയെന്ന നിലയിൽ മാറ്റി വച്ചിരിക്കുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളം പല ആക്ഷേപങ്ങളും ഉണ്ട്. വേണ്ടിടത്തോളം അവധാനപൂർവ്വം ചിന്തിച്ചിട്ടാണോ അങ്ങനെ പൊതു ആവശ്യത്തിനെന്നപറഞ്ഞു മാറ്റിവച്ചിട്ടുള്ളതെന്ന സംശയമുണ്ട്. പല സ്ഥലങ്ങളിലും പൊതു ആവശ്യത്തിനുവേണ്ട ഭൂമി പതിച്ചുകൊടുക്കുകയും അല്ലാത്തതു് മാറ്റി വയ്ക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. ഇതിനെപ്പറ്റി പരിശോധിക്കേണ്ടതുണ്ട്. അതുപോലെതന്നെ കൺവീനിയൻറ് എൻജോയ്മെൻറിനുവേണ്ടി പുഴകളുടേയും റോഡുകളുടേയും മറ്റും അരുകിൽ ഉള്ളതും മറ്റൊരാൾക്കു പതിച്ചുകൊടുത്താൽ അനുഭവിക്കാൻ സൗകര്യമില്ലാത്തതുമായ ഭൂമികൾ ഏറ്റവും വേഗത്തിൽ തൊട്ടടുത്ത വസ്തു ഉടമസ്ഥന്മാർക്കു പതിച്ചുകൊടുത്താൽ തരക്കേടില്ലെന്നാണ് എന്റെ അഭിപ്രായം. അങ്ങനെയുള്ള ഭൂമി അടുത്തുള്ളവർക്കു പതിച്ചുകൊടുക്കുന്നതുകൊണ്ട് വസ്തു സംരക്ഷിക്കുന്നതിനും പുഴയുടെ ഒഴുക്കിൽ പെട്ട ഭൂമി ഇടിഞ്ഞുപോകാതെ സൂക്ഷിക്കാനും കഴിയും. ഈവക കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കണം.

ഭൂനികുതി പിരിക്കുന്നതിനു സാധിച്ചിട്ടില്ല. നിയമം ദുർബലപ്പെട്ടുപോയതുകൊണ്ട് അടിസ്ഥാനനികുതിയും അഡീഷനൽ ലാൻഡ് ടാക്സും കാര്യമായി പിരിഞ്ഞിട്ടില്ല. 106 ലക്ഷം രൂപാ അടിസ്ഥാനനികുതിയിനത്തിൽ വരവു പ്രതീക്ഷിച്ചിട്ട് വളരെ മഹാമനസ്കതയോടുകൂടി ജനങ്ങളെ തന്ന 17 ലക്ഷം രൂപ മാത്രമാണ് ഇക്കൊല്ലം പിരിഞ്ഞുകിട്ടിയതു്. അഡീഷനൽ ലാൻഡ് ടാക്സ് ഇക്കൊല്ലവും അടുത്ത കൊല്ലവും കിട്ടുന്നതിനുള്ള സാദ്ധ്യതയില്ല. 1961-62-ലെ ബഡ്ജറ്റിൽ 80 ലക്ഷം രൂപയാളം ഈ ഇനത്തിൽ പ്രതീക്ഷിച്ചെങ്കിലും ഇന്നു കാര്യമായി ഒന്നും കിട്ടിയിട്ടില്ലെന്നാണു മനസ്സിലാകുന്നതു്. പ്രൊമോഷൻ ടാക്സ് ഏർപ്പെടുത്തിയിട്ട് മൂന്നുനാലു കൊല്ലമായി. ഈ കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങളിൽ ആയിനത്തിലുള്ള പിരിവു പരിശോധിക്കുന്നപക്ഷം വേണ്ടിടത്തോളം ശുഷ്കാന്തിയോടുകൂടി പിരിവു നടത്തിയിട്ടില്ലെന്നു കാണാൻ കഴിയും. ഇന്നും വളരെ ആളുകൾ ആ നികുതിയിൽനിന്നും ഒഴിഞ്ഞുപോകുന്നുണ്ടെന്നാണ് മനസ്സിലാകുന്നതു്. അതു നിഷ്കർഷയായി പരിശോധിക്കേണ്ടതു

LIBRARY ARCHIVES Kerala Legislative Assembly

അവസരം സംജാതമായിരിക്കുകയാണു്. എന്നാൽ മാത്രമേ ആ ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാൻ കഴിയൂ. ഈവക കാര്യങ്ങളും ചൂണ്ടിക്കാണിക്കുന്ന അവസരത്തിൽ ഒരു കാര്യംകൂടി അനുസ്മരിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

ക്ഷേത്രധാന്യങ്ങളുടെ നിയന്ത്രണവും വിതരണവും സംബന്ധിച്ചു ഇന്നു താലൂക്കാഫീസുകളിൽ എടുത്തുവരുന്ന നടപടികളും വേണ്ടിടത്തോളം ശരിയായി നടക്കുന്നില്ല എന്നുള്ള ഒരു പരാതിയാണുള്ളതു്. അതുകൊണ്ടു്
10 A. M.] അതു പരിഹരിക്കുന്നതിനു താലൂക്കധികാരികളിൽനിന്നും വിട്ടിട്ടു സപ്ലൈ ഡിപ്പാർട്ടുമെന്റു പ്രത്യേകമായി പുനഃസംഘടിപ്പിച്ചു ഈ ഈ ക്ഷേത്രധാന്യങ്ങളുടെയും മറ്റു നിത്യോപയോഗസാധനങ്ങളുടെയും വിതരണം നിയന്ത്രിക്കത്തക്കവിധത്തിലുള്ള ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റു ഉണ്ടാക്കണം. സ്ഥിതിവിവരക്കണക്കുകളും മറ്റും ശേഖരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ അതു കൂടുതൽ ഫലപ്രദമായിരിക്കുമെന്നു ഈ അവസരത്തിൽ ബഹുമാനപ്പെട്ട ഗവണ്മെന്റിനെ അനുസ്മരിപ്പിക്കുവാനുണ്ടു്.

ലാന്റു റിഫാംസുബിൽ നടപ്പിൽവരുത്തുന്നതിനു നമ്മുടെ റവന്യൂമന്ത്രി എത്രയും ജാഗ്രതയോടുകൂടി മുന്നോട്ടു പോകുമെന്നും, അതിനാവശ്യമായിട്ടുള്ള റൂളുകളും മറ്റും എത്രയും വേഗം പാസ്സാക്കിയെടുത്തു ഇന്നു കൃഷിക്കാർക്കു അനുവദിച്ചുകൊണ്ടിരിക്കുന്ന അവശതകളും പരിഹരിക്കുന്നതിനുള്ള നടപടികളും എടുക്കുമെന്നും വിശ്വസിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചു കൊള്ളുന്നു.

ശ്രീ. കെ. ഭാസ്കരൻ: സർ, ഞാൻ ഈ ബഡ്ജറ്റുമായി ബന്ധപ്പെടുത്തി അനുകൂലിച്ചുകൊണ്ടു് ഒരു സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. സക്കാർഭൂമിയുടെ ഡിസ്ട്രിബ്യൂഷനെ സംബന്ധിച്ചുള്ള ഒരു കാര്യമാണു് ഞാൻ ചൂണ്ടിക്കാണിക്കുവാൻ പോകുന്നതു്. ലാൻഡ്സ് അസൈൻമെന്റു് റൂൾസ് അനുസരിച്ചു് ഗവണ്മെന്റുവക ഭൂമി കൃഷിക്കാർക്കു് പട്ടയം കൊടുക്കണം എന്നുള്ള ഒരു നയം, അങ്ങനെ ഒരു തീരുമാനം 1958-ൽ ഉണ്ടായതാണു്. അന്നു് അതനുസരിച്ചു് ഗവണ്മെന്റുവക ഭൂമി സർവ്വേ ചെയ്യാൻ സർവ്വേപാർട്ടികളെ നിശ്ചയിച്ചു അതിന്റെ നടപടികളും തുടങ്ങിയതാണു്. എന്നാൽ പിന്നീടു് അതിന്റെ നടപടി മുന്നോട്ടുപോയില്ല. ഭൂമി ആക്കും കൊടുക്കുന്നില്ല. എന്റെ താലൂക്കിൽ തന്നെ 16000 ഏക്കർ ഗവണ്മെന്റുവക ഭൂമിയുണ്ടു്. അതിൽ ഏകദേശം 8000 ഏക്കർ കൃഷിക്കാരുടെ കൈവശമാണു്. ചിതറ, കടയ്ക്കൽ, ഏനാദിമംഗലം ഈ വില്ലേജുകളിൽ പകുതിയിലധികം കൃഷിക്കാരും ഈ സക്കാർ ഭൂമിയെ ആശ്രയിച്ചു ജീവിക്കുന്നവരാണു്. അവർ ലാൻഡ്സ് അസൈൻമെന്റു റൂൾസ് പാസ്സായിക്കഴിഞ്ഞ സമയം മുതൽ തങ്ങൾക്കു് ആ ഭൂമിയെ സംബന്ധിച്ചിടത്തോളം പട്ടയം കിട്ടും എന്നു പ്രതീക്ഷിച്ചിരിക്കുകയാണു്. അതിലേക്കുവേണ്ടി നിയമിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥന്മാർ അവർക്കു വാങ്ങാവുന്നിടത്തോളം കൈക്കൂലി വാങ്ങുകയും ചെയ്തിട്ടുണ്ടു്. എന്നാൽ പട്ടയം കൊടുക്കുന്ന നടപടി വളരെ സാവകാശത്തിൽ ആണു് നടക്കുന്നതു്. അതിനുവേണ്ടി 1958-ൽ സംഘടിപ്പിച്ച ഒരു കമ്മിറ്റിയുണ്ടായിരുന്നു. അതിൽ എല്ലാ പാർട്ടിയിൽപ്പെട്ടവർക്കും പ്രാതിനിധ്യമുണ്ടായിരുന്നു. ശ്രീമാൻ ചന്ദ്രശേഖരൻ റവന്യൂ മന്ത്രിയായിരുന്ന കാലത്താണെന്നതോന്നുന്നു ആ കമ്മിറ്റി വേണ്ടെന്നുവച്ചു് കൃഷിക്കാരുടെ കൈവശമിരിക്കുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളം ഒരു അസൈസറിക്കമ്മിറ്റിയുടെ ആവശ്യമില്ലെന്നു തീരുമാനിച്ചു് അന്നു വരുത്തിയ ഒരു ഭേദഗതിയാണു്. എന്നാൽ അതിനുശേഷം ഇന്നുവരെ അതിനെ സംബന്ധിച്ചുള്ള നടപടികളും ഒന്നും തന്നെ ജാഗ്രതയായി നടക്കുന്നില്ല. ഇന്നു കൃഷിക്കാർക്കു പട്ടയം കിട്ടുന്നില്ല. എന്തുകൊണ്ടാണു് ഗവണ്മെന്റു് ഈ നയം സ്വീകരിച്ചിരിക്കുന്നതു്? വളരെ നാളത്തെ പ്രക്ഷോഭണം കൊണ്ടാണു് കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ള ഭൂമി പതിച്ചുകൊടുക്കാൻ തീരുമാനിച്ചതു്. ആ തീരുമാനത്തെ ആരും തന്നെ ചോദ്യം ചെയ്തതായി കേട്ടില്ല. അപ്പോൾ ഈ തീരുമാനം ശരിയാണെങ്കിൽ അതു നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം. അതല്ലെങ്കിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ഭാർഗ്ഗവൻ]

ലാൻഡ് അസൈൻമെന്റ് റൂൾസ് ഭേദഗതി ചെയ്യണം. ലാൻഡ് അസൈൻമെന്റ് റൂൾസ് ശരിയാംവണ്ണം പറയുന്നതും, അതേസമയം അതു നടപ്പാക്കാൻ ശ്രമിക്കാതെ ഇരിക്കുന്നതും ആത്മവഞ്ചനയാണ്. അതു ഗവണ്മെന്റിന്റെ ഭാഗത്തു നിന്നും വരുന്നതു ശരിയല്ല. ഇങ്ങനെ അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാതിരിക്കുന്നതുകൊണ്ട് ആ ഭൂമിക്കുള്ള മാർക്കറ്റ് വിലപോലും കിട്ടാതെ വരുന്നുണ്ട്. ഈ ഗവണ്മെന്റ് വകയായിട്ടുള്ള ഭൂമി അതിൽ കൃഷി ചെയ്യുന്നവർക്ക് വളരെ സൗജന്യമായ നിരക്കിൽ കിട്ടുമെന്നുണ്ട്. അതിനെ പരാജയപ്പെടുത്തുന്നതരത്തിലുള്ള നടപടികളാണ് ഇന്നു സ്വീകരിച്ചിട്ടുള്ളതു്. ഉള്ള ആ ഭൂമി കൈവശമിരിക്കുന്ന കൃഷിക്കാരിൽ, 99 ശതമാനവും അതു വാങ്ങി കൈവശം വച്ചിട്ടുള്ളവരാണ്. എന്നാൽ അതു കൈമാറിക്കിട്ടാടാ എന്നു വ്യവസ്ഥയുണ്ട്. എന്നാൽ ഇന്നു ആ വക ഭൂമികളും കൈമാറ്റം ചെയ്യുന്നുണ്ട് എന്നുള്ളതാണ് വാസ്തവം. അതു് എത്രയോ കാലമായി നടക്കുന്നതാണ്. അതിനു് ഏകദേശം ഇന്നു് മാർക്കറ്റുവില കൊടുക്കണം. അങ്ങനെ മാർക്കറ്റുവിലയ്ക്ക് തുല്യമായിട്ടുള്ള വിലകൊടുത്തു് വാങ്ങിയേതീരൂ. എന്നാൽ ഇനിയും അവർ മാർക്കറ്റ് വിലയ്ക്ക് തുല്യമായ വില കൊടുക്കേണ്ടിവരും. മാത്രമല്ല, ആ ഭൂമിയിൽ ഇല്ലാത്ത മരങ്ങൾക്കുകൂടി വില കൊടുക്കേണ്ടതായിവരും. ആ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾക്കു് അന്നു് അങ്ങനെയാണ് ഉദ്യോഗസ്ഥന്മാർ പട്ടിക തയ്യാറാക്കിയിട്ടുള്ളതു്. അങ്ങനെ ആ ഭൂമി എട്ടോ പത്തോ കൈമാറ്റം കഴിഞ്ഞാലും ഇന്നു് ആ ഭൂമി കൈവശം വച്ചിരിക്കുന്ന കൃഷിക്കാരൻ ആ മരങ്ങളുടെ വില കൊടുക്കേണ്ടിവരും. അപ്പോൾ സാധാരണ വസ്തുക്കൾ വാങ്ങുന്നതിന്റെ ഇരട്ടി വില ഈ കുത്തകപ്പാട്ടം കൃഷിക്കാർ കൊടുക്കണം. അങ്ങനെ ആരും ഈ കുത്തകപ്പാട്ടം ഭൂമി വാങ്ങാൻ പോകുന്നില്ല. അപ്പോൾ ഈ ലാൻഡ് അസൈൻമെന്റ് റൂൾസിനെ പരാജയപ്പെടുത്തുന്ന തരത്തിൽ തന്നെ അതിന്റെ നടത്തിപ്പു പോകുന്നു എത്തിയിരിക്കുന്ന എന്നുള്ള വസ്തുത ഞാൻ ഗവണ്മെന്റിനെ അറിയിക്കുകയാണ്.

സർ, ഒരു വില്ലേജിൽ ചിതറ വില്ലേജിൽ തന്നെ, ഏഴായിരത്രുപാ തടിവില കെട്ടി വെയ്ക്കാൻ നോട്ടീസ് കൊടുത്തിട്ടുണ്ട്. അൻപതു സെന്റു ഭൂമിക്കു് അൻപതു രൂപാ തടിവില കെട്ടിവയ്ക്കാൻ നോട്ടീസ് കൊടുത്തിരിക്കുകയാണു് എന്നുള്ളതു് എനിക്കറിയാം. ഇതു് ഈ മലയോര പ്രദേശങ്ങളിൽ എല്ലാ സ്ഥലത്തേയും ബാധിക്കും. കൊല്ലം ഡിസ്ട്രിക്റ്റിൽപ്പെട്ട കൊട്ടാരക്കര, പത്തനാപുരം, പുനലൂർ ഈ താലൂക്കുകളിൽ ഈ ഗവണ്മെന്റുവക കുത്തകപ്പാട്ടഭൂമിയെ ആശ്രയിച്ചു ജീവിക്കുന്ന കൃഷിക്കാരാണ് അധികവും. അവർക്ക് ഇന്നു മറ്റു കൃഷിക്കാർക്ക് ഗവണ്മെന്റിൽനിന്നും കിട്ടുന്നതും അല്പാത്തതുമായ ആനുകൂല്യങ്ങളും ഒന്നും തന്നെ കിട്ടുന്നില്ല. ലാൻഡ് മോർട്ടഗേജ് ബാങ്കിൽ നിന്നോ, കോവാപ്പറേറ്റീവു ബാങ്കുകളിൽ നിന്നോ ഈ കൃഷിക്കാർക്ക് വായ്പ കിട്ടാൻ സാദ്ധ്യമല്ല. ഗവണ്മെന്റ് ഉക്ഷ്യോല്പാദനം വർദ്ധിപ്പിക്കണമെന്നുള്ള പേരിൽ കൃഷിക്കാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും ഇവർക്ക് കിട്ടുകയില്ല. കാരണം, ഈ വസ്തുക്കളിൽ അവർക്ക് അവകാശം ഇല്ല. അതുകൊണ്ട് കൂടുതൽ മുതൽ മുടക്കി കൃഷിചെയ്യാൻ അവർക്ക് സാധ്യമല്ല. അവർക്ക് ഇന്നത്തെ ഭൂമിതന്നെ കൈവശം വയ്ക്കാൻ കഴിയുമോ എന്നു സംശയിക്കുന്നു. 1960-ൽ തന്നെ അതിനെതിരായി ഒരു പ്രക്ഷോഭണം ഇവിടെ നടത്തിയതാണ്. അന്നു് ലാൻഡ് അസൈൻമെന്റ് റൂൾസ് ഭേദഗതി ചെയ്യാം, തടിവില കെട്ടിവയ്ക്കുന്ന കാര്യത്തെപ്പറ്റി ആലോചിക്കാം എന്നു് ഗവണ്മെന്റു പരസ്യമായി ഉറപ്പു തന്നിട്ടുള്ളതാണ്. ഇതേസംബന്ധിച്ചിടത്തോളം ഒരു വിഷമം അവർക്ക് വന്നതെന്നു് എനിക്കു നിശ്ചയമുണ്ട്. കരുതിക്കൂട്ടി അങ്ങനെ ചെയ്യുന്നതാണു്. ലാൻഡ് അസൈൻമെന്റ് റൂൾസ് അനുസരിച്ചു മൂന്നക്കറിൽ കൂടുതൽ ഭൂമി ആക്കും പതിച്ചു കൊടുക്കാൻ സാദ്ധ്യമല്ല. എന്നാൽ ഇന്നു ആയിരവും രണ്ടായിരവും അതിൽക്കൂടുതലും ഏക്കർ ഭൂമി ഗവണ്മെന്റു വകയായിട്ടുള്ളതു്, 'കൈവശം വച്ചിട്ടുള്ളവരുണ്ട്. അവർക്ക് ലാൻഡ് അസൈൻമെന്റു

LIBRARY ARCHIVES Kerala Legislative Assembly

റൂംസ് നടപ്പിൽ വന്നാൽ ആ ഭൂമി നഷ്ടപ്പെട്ടുപോകും. അപ്പോഴും അവരുടെ താല്പര്യത്തിനെതിരായി ഗവണ്മെന്റിനു നടപടി സ്വീകരിക്കാൻ ധൈര്യമില്ല. അതുകൊണ്ട് ലാൻഡ് അസൈൻമെന്റ് റൂംസ് കൃത്യമായി നടപ്പാക്കുന്നതിനെതിരായിട്ടുള്ള സമ്മർദ്ദം ഗവണ്മെന്റിന്റെ മേൽ ഉണ്ടാകുമെന്നുള്ളതു് സ്വാഭാവികമാണു്.

മറ്റൊന്നു്, മുറപോലെ നടക്കാൻ എല്ലാ കാര്യങ്ങളും വിടരുതു്. മി. തൊമ്മനോടു് ഒരു കാര്യം പറയാനുണ്ടു്. എന്റെ ഒരു പരാതി അദ്ദേഹത്തിന്റെ കൈയ്യിൽ കൊടുത്തതാണു്. 1962-ൽ ഒരു കാലു നഷ്ടപ്പെട്ട ഒരാൾക്കു് ഉള്ളൂർ മെഡിക്കൽ കാളേജു് ആശുപത്രിയിൽനിന്നും ഒരു കൃത്രിമകാൽ വയ്ക്കാൻ വേണ്ടി 65 പെറമിഷൻസു് കൊടുത്തു. എന്നിട്ടു് ഇതുവരേയും അതു നടന്നിട്ടില്ല. സ്കൂളിൽ അദ്ധ്യാപകരില്ല ഉടനെ ആവശ്യമായ നടപടികളും സ്വീകരിക്കണം എന്നു കഴിഞ്ഞ സ്കൂൾ വർഷത്തിൽ ഞാൻ ഗവണ്മെന്റിലേക്കു എഴുതിയിട്ടു് ഈ കഴിഞ്ഞ ആഴ്ചയിൽ ആ പെറമിഷനെ സംബന്ധിച്ചു നടപടി നടത്തി വരുന്നു എന്നു മറുപടി കിട്ടി. ഇങ്ങനെ ഈ ഭൂമി പതിച്ചു കൊടുക്കുവാനുള്ള നടപടിയും മുറപോലെ നടക്കും എന്നു പറഞ്ഞുവിട്ടാൽ ഒരു നൂറു വർഷമായാലും അതിന്റെ നടപടി പൂർത്തിയാകുകയില്ല. ഇതുവരെയായി പട്ടയം കൊടുത്തിട്ടുള്ളതു് രണ്ടായിരം ഏക്കർ സ്ഥലത്തിനാണു്. എന്റെ താലൂക്കിൽ തന്നെ പതിനാറായിരം ഏക്കർ സ്ഥലമുണ്ടു്. ആറു വർഷമായി അവിടെ പട്ടയം കിട്ടുന്നതിനുവേണ്ടി അപേക്ഷകളും കൊടുത്തിട്ടു്. ഇങ്ങനെ പോയാൽ ആ സ്ഥലത്തിനെല്ലാം പട്ടയം കിട്ടാൻ തന്നെ എഴുപത്തിയഞ്ചു എൺപതു വർഷം പിടിക്കും. അങ്ങനെ വരുമ്പോഴേക്കും ഇന്നു ആ ഭൂമി കൈവശം ഇരിക്കുന്ന കൃഷിക്കാരുടെ തലമുറ കഴിഞ്ഞു ഭാവിതലമുറ കൂടി കഴിയാറാകുമ്പോൾ ഇതു ഒരുപക്ഷേ പൂർത്തിയായി എന്നു വരാം. അങ്ങനെയുള്ള ഒരു നടപടി സ്വീകരിക്കുന്നതു ഒരു ഗവണ്മെന്റിനും ഭൂഷണമല്ല. ഒരു കാര്യം ചെയ്യാനൊരുങ്ങുന്നു എങ്കിൽ എന്തുദ്ദേശത്തോടു കൂടിയാണോ അതു തീരുമാനിച്ചതു് അതു ഫലപ്രദമാകത്തക്കവിലയിലായിരിക്കണം അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കേണ്ടതു്. ഇതു ചെയ്യും, ചെയ്യുകയില്ല, ചെയ്യും എന്നാണു് പറയുന്നതു്. ഒന്നുകിൽ ഇതുചെയ്യും എന്നു പറയണം. അല്ലെങ്കിൽ ചെയ്യുകയില്ല എന്നു പറയണം. അതു ചെയ്യുമെന്നുണ്ടെങ്കിൽ അതിനു കൂടുതൽ ഉദ്യോഗസ്ഥന്മാരെ കൂടി നിയമിക്കണം. അങ്ങനെ കൂടുതൽ ഉദ്യോഗസ്ഥന്മാരെ വച്ചു ആറു മാസമോ ഒരു വർഷമോ കൊണ്ടു് ഈ സർവ്വേ പൂർത്തിയാക്കുകയും അതിനു സ്പെഷ്യൽ സ്റ്റാഫിനെ വയ്ക്കണമെങ്കിൽ വയ്ക്കുകയും അതിലേക്കു് കൂടുതൽ ചെലവു വരുമെങ്കിൽ അതിനുള്ള തുക കൃഷിക്കാരിൽനിന്നും ഈടാക്കുകയും ചെയ്താൽ മതി. ഇന്നു് അവരിൽനിന്നും തടിവിലയായും വൃക്ഷക്കരമായും കൂടുതൽ ഈടാക്കുന്നതു നിറുത്തണം. ഈ മരങ്ങളുടെ വില ഈടാക്കരുതു്. ചില മരങ്ങളും ഗവണ്മെന്റുതന്നെ ഒഴിവാക്കീട്ടുണ്ടു്. എന്നാൽ ഈ ഉദ്യോഗസ്ഥന്മാർ അങ്ങനെയുള്ള മരങ്ങളും തന്നെ സർക്കാർവക തടി എന്നു പറഞ്ഞു കണക്കെടുത്തിട്ടുണ്ടു്. എന്നാൽ സർക്കാർവക തടിയൊന്നുമല്ല. ഉദാഹരണമായി ഒരു കഥ ഞാൻ പറയാം. ഒരു വില്ലേജാഫീസർ അറുപതെഴുപതു വയസ്സു പ്രായമുള്ള ഒരു അമ്മൂമ്മയും മകനും താമസിക്കുന്ന ഒരു വീട്ടിൽ ചെല്ലുകയുണ്ടായി. ആ വീട്ടിൽ ചെന്നപ്പോഴും ഈ അമ്മൂമ്മ വില്ലേജാഫീസറെ വേണ്ടപോലെ സൽക്കരിക്കാതിരുന്നതിനു അവരുടെ പുരയിടത്തിൽ 16 മൂട്ടു് നെല്ലിയുണ്ടായിരുന്നതു് 16 മൂട്ടു പുളിയാണെന്നു കണക്കെഴുതിക്കൊണ്ടു പോയി. വാസ്തവത്തിൽ അതു പുളിയല്ല. എന്നാലും കുത്തകപ്പാട്ടരൂംസു് അനുസരിച്ചു പുളിയുടെ വില കൊടുക്കണം. അതു സംബന്ധിച്ചു കേസ്സു് ഇപ്പോഴും നടക്കുകയാണു്. കൃഷിക്കാരെ സഹായിക്കുകയാണു് ഉദ്ദേശമെങ്കിൽ തറവില ഈടാക്കിക്കൊണ്ടു് അതു പതിച്ചു കൊടുക്കാൻ ഉള്ള തീരുമാനമെടുക്കുകയും ഒരുവർഷംകൊണ്ടു് ആ തീരുമാനം നടപ്പാക്കുകയും ചെയ്യണം. അതിലേക്കു് അഡീഷണൽ സ്റ്റാഫിനെ വേണ്ടിവന്നാൽ നിയമിക്കുകയും അതിനു് അഡീഷണലായി വരുന്ന ചെലവു കൃഷിക്കാരിൽനിന്നും ഈടാക്കുകയും ചെയ്യേണ്ടതാണു്. അതിനുള്ള ആത്മാർത്ഥതയും കാര്യക്ഷമതയും ശേഷിയും ഉണ്ടെന്നുള്ള പക്ഷം ശ്രീമാൻ തൊമ്മനു് അതു പ്രാവർത്തികമാക്കുന്നതിനുള്ള ഒരു അവസരമാണു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജാഫ്ഫ്]

അതുപോലെതന്നെ ഏലക്കൃഷിക്കാരായ ആളുകളെപ്പറ്റി ചിലതു പറയാനുണ്ട്. പത്തും. മുപ്പതും, നാല്പതും ഏക്കർ സ്ഥലത്താണ് ഈ കൃഷി നടത്തുന്നതു്. സർ. സി. പി. യുടെ കാലത്തു് 1935–ന മുമ്പ് കാർഡമം റൂൾ അനുസരിച്ച് കൃഷി ചെയ്തിരുന്നവർക്ക് അതു പതിച്ചുകൊടുക്കുവാൻ നടപടി എടുക്കുകയുണ്ടായി. അതു സംബന്ധിച്ചു് സകല നടപടികളും പൂർത്തിയായി. കർഷകരും തമ്മിൽ ആവശ്യമായ കോൺട്രാക്റ്റും ഉണ്ടായിക്കഴിഞ്ഞതാണ്. ഇതുവരെ അതതരം ഭൂമി പതിച്ചുകൊടുത്തിട്ടില്ല. അന്നത്തെ റൂൾ അനുസരിച്ച് ഇരുപതു കൊല്ലത്തേക്ക്, ഏക്കറിന് 120 രൂപാ പ്രീമിയംവച്ച് പാട്ടത്തിനു കൊടുത്തിരുന്നു. അത്തരം ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള എല്ലാ കാര്യങ്ങളും കഴിഞ്ഞതിനുശേഷം ഇന്നിയും അതു പതിച്ചു കൊടുക്കാതിരുന്നതിനു യാതൊരു നീതീകരണവും ഇല്ലാത്തതാണ്. സർ, ഇതു സംബന്ധിച്ച് ഈ നിയമസഭയിലെ പതിനാറു്, പതിനേഴ അംഗങ്ങൾകൂടി,—ശ്രീ. ടി. എ. തൊമ്മനും അതിൽ ഉൾപ്പെട്ടിരുന്ന—ഈ കാര്യം എങ്ങനെയെങ്കിലും പരിഹരിക്കണമെന്നും, കാരുകം കംപ്ലീറ്റ് ചെയ്തുകഴിഞ്ഞിട്ടുള്ള കേസുകളെ സംബന്ധിച്ചെങ്കിലും പരിഹാരം ഉണ്ടാക്കണം, അതു കേവലം ധാർമ്മികമായ ഒരു നടപടിയായിരിക്കും എന്ന നിവേദനം നടത്തുകയുണ്ടായി. ഇന്ന് ശ്രീ. ടി. എ. തൊമ്മൻ തീർച്ചയായിട്ടും ഈ കാര്യം ശ്രദ്ധാപൂർവ്വം പരിഹരിക്കാൻ ശ്രമിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. ആ ഫയൽ പരിശോധിച്ചാൽ അദ്ദേഹത്തിനു കണ്ടെത്താം. ഈ പ്രശ്നം പരിഹരിക്കാം. സർ, അതുപോലെതന്നെ നമ്മുടെ രാജ്യത്തു ചില പദ്ധതികൾക്കായി പൊന്നാംവിലയ്ക്ക് സ്ഥലം എടുത്തിട്ടുണ്ട്. പെരിയാർവാലി, ഫൈറോ കെമിക്കൽസ് മുതലായ പദ്ധതികൾക്കായി ഇരുനൂറും, അഞ്ഞൂറും ഏക്കർ സ്ഥലം അക്വയർ ചെയ്തു. ഇപ്പോഴും അവിടെ കൃഷിയൊന്നും ചെയ്യാതെ വെറുതേ ഇട്ടിരിക്കുകയാണ്. ഭക്ഷ്യക്ഷാമംവരെയുള്ള നമ്മുടെ നാട്ടിൽ, നല്ല വിളവുണ്ടാകുന്ന ഇത്തരം സ്ഥലങ്ങളും പദ്ധതികളും നടപ്പാകുന്നതിനു മുമ്പുള്ള കുറെ കാലത്തേക്ക് വെറുതെ ഇട്ടിരിക്കുന്നതു് സ്ഥലം ഉടമകളെത്തന്നെ ആവശ്യം വരുമ്പോൾ ഒഴിഞ്ഞുതരുന്നതിനുള്ള വ്യവസ്ഥയിൽ കൃഷി ചെയ്യാൻ ഏല്പിക്കുന്നതു് ഇന്നത്തെ അടിയന്തിരാവസ്ഥയിൽ കൂടുതൽ ബുദ്ധിപൂർവ്വകമായ ഒരു നടപടിയായിരിക്കുകയില്ലേ എന്നു് ആലോചിക്കേണ്ടതാണ്. പല പ്രാവശ്യം നിവേദനം നടത്തിയിട്ടും, മുമ്പു കൃഷി ചെയ്തിരുന്നവർക്കുതന്നെ അതു വിട്ടുകൊടുത്തു, നല്ല വിളവുണ്ടാക്കാവുന്ന ആ സ്ഥലം ഇപ്പോഴും വെറുതേ ഇട്ടിരിക്കുകയാണു്, ഈ കൃഷിസ്ഥലങ്ങളും വിവേകപൂർവ്വം, ഉപയോഗിച്ചു് നമ്മുടെ ഭക്ഷ്യക്ഷാമം പരിഹരിക്കാൻ വേണ്ട ധീരമായ നടപടി എടുക്കണമെന്നു് ഗവണ്മെന്റിനോടു് അഭ്യർത്ഥിക്കുകയാണു്.

സർ, നമ്മുടെ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു് ഇന്നു് ചോദ്യോത്തര വേളയിൽത്തന്നെ പരാമർശനമുണ്ടായി. നമ്മുടെ രാജ്യത്തെ ഏതാനും കളക്ടർമാരെപ്പറ്റി പരാതിയുള്ളതായി പറഞ്ഞു. എനിക്കു് അതിനെപ്പറ്റം കൂടുതൽ ഒന്നും പറയാനില്ല. പ്രായം കുറഞ്ഞ കളക്ടർമാരെപ്പറ്റിയോ പ്രായംകൂടിയവരെപ്പറ്റിയോ പ്രത്യേകം പറയുന്നില്ല. പക്ഷേ, ഏതാണ്ടു് 40 വയസ്സിൽ കവിഞ്ഞ ആളുകളും കളക്ടർമാരായിരുന്നാൽ തരക്കേടില്ലെന്ന അഭിപ്രായഗതി പരക്കെയുണ്ടു്. പ്രായത്തെ അനുസരിച്ചല്ല ആളുകളുടെ പെരുമാറ്റവും മറ്റും നിശ്ചയിക്കേണ്ടതു്. ഏതായാലും ഏറ്റവും ഉത്തരവാദിത്വമുള്ള റവന്യൂ ഉദ്യോഗസ്ഥന്മാർ, ഭരണപ്രവർത്തനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാലുകളാണെന്നു പറയാവുന്ന കളക്ടർമാർ, വെറും ഔപചാരികത്തുകളുടെ അടിസ്ഥാനത്തിൽ ആരോപണത്തിനു വിധേയരാകുന്നതും, ഈ സഭയിൽ അവർ പരാമർശന വിഷയമാകുന്നതും ശരിയാണോ എന്നു ഞാൻ സംശയിക്കുകയാണു്. നിയമസഭയിൽ ചോദിച്ചാൽ മറുപടി പറയാതിരിക്കാൻ നിവൃത്തിയില്ല. ഇവിടെ വന്നു് ഡിഫൻറ് ചെയ്യാൻ സാധിക്കാത്ത ഏതു തുറയിലുള്ള ഉദ്യോഗസ്ഥനും ഇവിടെ അവഹേളനാപാത്രമാകുന്നതു് ശരിയായിരിക്കുകയില്ല, അങ്ങനെ വന്നാൽ, അവർക്കു് അവരുടെ ജോലി ഔത്സുക്യത്തോടുകൂടി ചെയ്യാനുള്ള പ്രോത്സാഹനം ഇല്ലാതാകും. ജനാധിപത്യവ്യവസ്ഥ അംഗീകരിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു രാജ്യത്തെ ഭരണത്തിൽ, ഡിപ്പാർട്ടുമെന്റിന്റെ സുഗമമായ നടത്തിപ്പിനു അതു പോലീസു വകുപ്പായാലും, റവന്യു വകുപ്പായാലും ഉദ്യോഗസ്ഥന്മാർ ഇങ്ങനെ കഠിനമായ വിമർശനത്തിനു വിധേയമാകുന്നതു് ശരിയല്ല. നമ്മുടെ സമയത്തു് എനിക്കു് ഒരു കാര്യം പ്രത്യേകം പറയാനുണ്ടു്. ഈ ഉദ്യോഗസ്ഥന്മാർ ഭരണകാര്യങ്ങളിൽ നടന്ന സഹിക്കുന്ന ബുദ്ധിമുട്ടുകളെപ്പറ്റി, വിഷമതകളെപ്പറ്റി. ക്ലേശങ്ങളെപ്പറ്റി ഒരു മിണ്ടാൻപോലും നാം ഒരുമ്പാടില്ല. റവന്യു ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ ഏതെല്ലാം കാര്യങ്ങളാണു് നിവ്വഹിക്കേണ്ടിയിരിക്കുന്നതു്? പഞ്ചസാര വിതരണം, റേഷൻ വിതരണം, സ്ഥിതി വിവരങ്ങൾ ശേഖരിക്കൽ, ഡിഫൻസു ഫണ്ടു പിരിവു്, ലാന്റ്നിഷേപ പദ്ധതി പിരിവു്, പദ്ധതി നടത്തിപ്പിനായി കടിയിറക്കൽ എന്നിങ്ങനെ കടിയിറക്കപ്പെട്ടന്നവരെ വേറെ സ്ഥലത്തു കൊണ്ടുപോയി അവരുടെ കുട്ടികളെ ഉറക്കുന്നോ ജോലിവരെ കരുതലോടും ആത്മാർത്ഥതയോടും ചെയ്യുന്ന നല്ല മനുഷ്യത്വമുള്ള ഉദ്യോഗസ്ഥന്മാർ ഉള്ളകാര്യം ഓർക്കാറില്ല. അവരെപ്പറ്റി ഒരു അഭിനന്ദനംപോലും രേഖപ്പെടുത്താൻ തയ്യാറാകുന്നുമില്ല. ഉദ്യോഗസ്ഥമണ്ഡലത്തിൽ മനുഷ്യത്വത്തിന്റെയും, ആത്മാർത്ഥതയുടെയും രജതരേഖകൾ സൃഷ്ടിച്ചിട്ടുള്ള അനേകം, അഭിമാനവും ഉള്ള എത്രയോ ഉദ്യോഗസ്ഥന്മാർ പല രംഗങ്ങളിലായി ജോലി നോക്കുന്നുണ്ടു്. സർ, കീരിത്തോടു്, ചുരുളി പ്രദേശങ്ങളിൽ ഈയിടെ ഉണ്ടായ പോലീസു് താണ്ഡവത്തെപ്പറ്റി പലരും പറഞ്ഞു. മനുഷ്യത്വമുള്ള എത്ര ഉദ്യോഗസ്ഥന്മാർ അവരുടെ ഇടയിൽ കുട്ടികളുടെ കണ്ണീർ തുടയ്ക്കാനും, മുഖം തുടയ്ക്കാനും തയ്യാറായി, എത്രപേർ കുട്ടികളെ താരാട്ടുപാടി ഉറക്കി എന്നും മറ്റുമുള്ള കഥകളും, നമ്മുടെ ചില പത്രങ്ങളിലെങ്കിലും വന്നിട്ടുള്ളതു് പലരും ശ്രദ്ധിച്ചിരിക്കും. ഉദ്യോഗസ്ഥന്മാരുടെ അഭിനന്ദിക്കേണ്ട ഇത്ത പ്രവൃത്തികളെ മനോരമ, മുതൽ ജനയുഗംവരെയുള്ള പത്രങ്ങളും എടുത്തു ഉദ്ധരിച്ചിരുന്നു. കീരിത്തോട്ടിലെ സംഭവത്തെ അടിസ്ഥാനമാക്കി ഒരു പത്രക്കുറിപ്പു് മാതൃഭൂമിയിൽ ഉണ്ടായിരുന്നതു് 'ഒരു ഉദ്യോഗസ്ഥന്റെ മനഃശുദ്ധി' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു് ഞാൻ സഭയുടെ ശ്രദ്ധയിലപ്പെടുത്തുകയാണു്.

മി. സ്പീക്കർ : ഉദ്യോഗസ്ഥന്മാരുടെ മനുഷ്യത്വത്തിനെതിരായി ഇവിടെ ഒന്നും ഉണ്ടായില്ലല്ലോ.

ശ്രീ. കെ. എം. ജോർജ്ജു് : മുമ്പു് ഈ സഭയിൽത്തന്നെ ചെ. ജി. യെപ്പറ്റി പരാമർശനം ഉണ്ടായതു് അങ്ങേക്കു് അറിയാം. നല്ല സേവനം അനുഷ്ഠിക്കുന്നവരെപ്പറ്റി ഒരു വാക്കുപോലും പറയാൻ നാം ശ്രമിക്കുന്നില്ലെന്നും, നല്ല കാര്യങ്ങൾകൂടി കണ്ടു് അഭിനന്ദിക്കാനുള്ള ശ്രമവും നടത്തണമെന്നും പറയുകയായിരുന്നു. പല പത്രങ്ങളിലെയും ധാരാളം കട്ടിംഗ്സു ഇതു സംബന്ധിച്ചു് എന്റെ കൈവശമുണ്ടു്. സർ, ഒരു കാര്യംമാത്രം പ്രത്യേകം എടുത്തു പറയാൻ ആഗ്രഹിക്കുന്നു. മൂവാറ്റുപുഴയിലെ തഹശീൽദാരെപ്പറ്റി മാതൃഭൂമിയിൽ എഴുതിയിരുന്ന ഒരു ഭാഗം 'ക്യാമ്പിലെ ആളുകളുടെ സുഖസൗകര്യങ്ങളും എന്താണെന്നു അറിഞ്ഞു് മൂവാറ്റുപുഴ തഹശീൽദാർ ഊണും ഉറക്കവും ഇല്ലാതെ അവിരാമം പരിശ്രമിച്ചുകൊണ്ടിരുന്നു.'' മന്നാൻകണ്ടത്തു ആ തഹശീൽദാർ കുടിക്കാൻ വെള്ളം എത്തിച്ചുകൊടുത്ത വാർത്ത മനോരമയിൽ സൂചിപ്പിച്ചിട്ടുണ്ടു്. ഇങ്ങനെ അന്തസ്സോടും, ആത്മാർത്ഥതയോടും ഭംഗിയായി കാര്യങ്ങൾ നടത്തുന്ന എത്രയോ ഉദ്യോഗസ്ഥന്മാർ നമുക്കുണ്ടു്. മൂവാറ്റുപുഴ ഫെയർ ഷാപ്പുകളിലെ കള്ളക്കാർഡുകളും കണ്ടുപിടിക്കുന്നതിനു് അവിടത്തെ ഒരു റവന്യു ഉദ്യോഗസ്ഥൻ ശ്രമിക്കുകയും, 22000 കള്ളക്കാർഡുകളും ആ താലൂക്കിൽനിന്നു് പിടിച്ചെടുക്കുകയും ചെയ്തു. അതിന്റെ പേരിൽ അയാളെ കൊന്നുകളയുമെന്നുവരെ ആളുകളും ഭീഷണിപ്പെടുത്തി. ആരും ഒരു സംരക്ഷണത്തിനും മുതിർന്നില്ല. പോലീസു സഹായമൊന്നും എത്തിച്ചില്ല. അങ്ങനെ നല്ല നിലയിൽ ഭരണം നടത്തുന്നവരെപ്പറ്റി ഒന്നും പറയാനില്ലാത്ത നാം ഇത്തരത്തിലുള്ള ആരോപണങ്ങളും നടത്തുന്നതു് കുറേയൊക്കെ യാഥാർത്ഥ്യങ്ങളുംകൂടി അറഞ്ഞിട്ടുവേണം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജോർജ്ജ്]

സർ, റവന്യൂ ഡിപ്പാർട്ടുമെന്റിൽ എത്രയോ കാര്യങ്ങൾ നടത്താൻ ചുമതല പ്പെട്ട ഉദ്യോഗസ്ഥന്മാരാണുള്ളത്. ടീഷണിപ്പെടുത്തിയും, സമ്മർദ്ദം ചെലു ത്തിയും കാര്യങ്ങൾ നേടാൻ ശ്രമിക്കുന്നവർ കൂട്ടത്തിൽകാണും. സാധാരണ ഗതിയിൽതന്നെ ഒട്ടധികം ജോലികൾ ചെയ്യാൻ ഉണ്ടായിരിക്കുമ്പോൾ, ഉദാഹ രണമായി, സ്റ്റാഫ് സേവിംഗ്സ് പദ്ധതി, ഡിഫൻസ് ഫണ്ട്, റേഷൻകാര്യ ങ്ങൾ, പലതരത്തിലുള്ള റിക്കാർഡുകൾ സംരക്ഷിക്കുക എന്നിങ്ങനെ പലതരം ജോലികൾ ചെയ്യാൻ നിയുക്തരായിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ മഹത്തായ സേവ നങ്ങളെപ്പറ്റി ആരും എങ്ങും വാഴ്ത്തിപറഞ്ഞു കേൾക്കാറില്ല. എതെങ്കിലും ഡിസ്ട്രിക്ടിൽ ലാന്റ് നിക്ഷേപ പദ്ധതിക്ക് പിരിവു നടത്തി കൂടുതൽ പണം ഉണ്ടാക്കിയാൽ ഷീൽഡു കിട്ടും. ഡിസ്ട്രിക്റ്റ് അടിസ്ഥാനത്തിലായിരിക്കും അതിന്റെ മേന്മ. തഹശീൽദാർ, ബ്ലാക്ക് ആഫീസർ, ആർ. ഡി. ഓ. തുടങ്ങിയ ഉദ്യോഗസ്ഥന്മാരുടെ വിലപ്പെട്ട സേവനങ്ങളാണ് ഈ കാര്യത്തിൽ ഉണ്ടാകുന്നതെന്നകാര്യം പലരും വിസ്മരിക്കാറുണ്ട്. കൈക്കൂലി വാങ്ങാതെയും, മറ്റു ആരോപണങ്ങൾക്ക് വിധേയരാകാതെയും ഇത്ര മഹത്തായ സേവനം അനു ഷ്ഠിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് നല്ല സമ്മാനം നൽകി അവരെ പ്രോത്സാഹിപ്പി ക്കേണ്ടതാണ് ആവശ്യമാണെന്നാണ് ശ്രീ. തൊമ്മനോട് എനിക്ക് അപേക്ഷിക്കാ നുള്ളത്.

സർ, ലാൻഡ് റിഫാംസിനെപ്പറ്റി വളരെ ആവേശത്തോടുകൂടി ഇവിടെ സംസാരിക്കുന്നതു കേട്ടു. ശ്രീ. എം. വി. വാസു പറഞ്ഞു, ഈ രാജ്യത്ത് പഴയ മുറാച്ചി ഉദ്ദ്യോഗസ്ഥതന്ത്രത്തെ വച്ചുപുലർത്താൻ ആരോ ശ്രമിക്കുന്നുണ്ടെന്ന്. ലാൻഡു റിഫാംസുബിൽ ഈ രാജ്യത്ത് പ്രയോഗത്തിൽ വരുത്താൻ എളുപ്പമല്ലെന്നു ശ്രീ. കെ. മാധവനും സൂചിപ്പിച്ചു. ഇലക്ഷൻ അടുത്തു വരുന്നുണ്ട്. ഇങ്ങനെ ഇതിനു മുൻപും പറഞ്ഞിട്ടുള്ളതാണ്. എന്റെ അഭിപ്രായത്തിൽ ഈ രാജ്യത്തെ ഭൂരിപക്ഷം ആളുകളെയും തൃപ്തിപ്പെടുത്തിക്കൊണ്ടു, രാജ്യത്തിന്റെ പൊതു താല്പ ര്യത്തിനു അനുഗുണമായി ഒരു ബില്ലാണ് ഈഗവണ്മെന്റു പാസ്സാക്കിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഒരു തിരഞ്ഞെടുപ്പിനെ നേരിടാൻ ഈ ഗവ ണ്മെന്റു തയ്യാറാണെന്നു ഇതിനു മുൻപുതന്നെ പറഞ്ഞിട്ടുള്ളതാണ്. അതു കൊണ്ട് ഈകാര്യം വീണ്ടും ഇവിടെ പറയുന്നതിന്റെ അർത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. സർ, ശ്രീ. വാസു പറഞ്ഞു ഈ രാജ്യത്തെ ഭൂമിയെല്ലാം പഞ്ചായത്തുകളെ ഏല്പിക്കണമെന്ന്. A great leap forward എന്ന ചൈനാ ക്കാരുടെ സിദ്ധാന്തം അനുസരിച്ചായിരിക്കും, ആ തത്വം മനസിൽവച്ചുകൊണ്ടാ രിയിക്കും അദ്ദേഹം പ്രസംഗിച്ചത്. ലാൻഡു റിഫാംസു പൂർത്തിയാക്കാ പഞ്ചായത്തുകളെയും, കമ്മ്യൂണുകളേയും ഭൂമി ഏല്പിച്ചിട്ടുള്ള പല രാജ്യങ്ങളും ഇന്നു എവിടെചെന്നു നിൽക്കുന്നു എന്നു എല്ലാവർക്കും അറിയാവുന്നതാണ്. സർ, ഈ രാജ്യത്തു ഒരു പ്രതിസന്ധിഘട്ടം ഉണ്ടാകുമെന്നു പറയുന്നത്, ഈ നാട്ടിലെ സാധാരണക്കാരായ കർഷകനെസംബന്ധിച്ചിടത്തോളം എത്രമാത്രം ശരിയായിരിക്കുമെന്നു വിശ്വസിക്കാൻ നിവൃത്തിയില്ല. ജനങ്ങളും വസ്തുതകളും മനസ്സിലാക്കി വേണ്ടതരത്തിൽ പ്രവർത്തിച്ചുകൊള്ളും.

സർ, ശ്രീ. ടി. എ. തൊമ്മനു ഈ രംഗത്തു എല്ലാവിധത്തിലുമുള്ള വിജ യങ്ങളും ആശംസിച്ചുകൊണ്ടും, അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരെ യഥാവിധി ശിക്ഷിച്ചും, രക്ഷിക്കേണ്ടവരെ രക്ഷിച്ചും ഭരണം ശോഭനമായും, ഭംഗിയായും പുരോഗതിയിലേക്കു നയിക്കാൻ വേണ്ട കഴിവു നേർന്നുകൊണ്ടും, ഈ ഡിമാൻഡിനെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ): സർ, ബഹുമാന പ്പെട്ട മെമ്പറന്മാർ ഈ ഡിമാൻറിന്റെ ചർച്ചാവേളയിൽ പല കാര്യങ്ങളും ഇവിടെ ഉന്നയിക്കുകയുണ്ടായി. ആദ്യമായിലാന്റു റിഫാംസ് ആക്റ്റിനെ സംബന്ധിച്ചു ശ്രീ. കുഞ്ഞുണ്ണിനായർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. കാൺ ഗ്രസ്സിന്റെ തത്വങ്ങൾ അനുസരിച്ചു ഒരു സ്റ്റേറ്റിലും കാർഷിക പരിഷ്കരണം ഉണ്ടായിരുന്നില്ല എന്നും ആദ്യമായി കാർഷിക പരിഷ്കരണം ഉണ്ടായതു കേരള സംസ്ഥാനത്താണെന്നും അതു കമ്മ്യൂണിസ്റ്റിന്റെ മന്ത്രിസഭയുടെ കാലത്തായിരുന്നു എന്നും അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹത്തോട് ഇൻഡ്യാ 1958 എന്ന

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യാ ഗവണ്മെൻറിന്റെ പ്രസിദ്ധീകരണം വായിക്കുവാൻ ഞാൻ അപേക്ഷിക്കുകയാണു്. അതിൽ ലാൻഡു റിഫാംസു് വരുത്തിയിട്ടുള്ള പ്രദേശങ്ങളായി ഇൻഡ്യയിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളേയും പറയുന്നുണ്ടു്. 58-നു മുമ്പുതന്നെ കാഷ്ടിക പരിഷ്കരണം മിക്ക സ്റ്റേറുകളിലും വരുത്തിയിട്ടുണ്ടു്, ആന്ധ്രാ, ആസാം, ബീഹാർ, ബോംബേ, മൈസൂർ, മദ്രാസു്, ഒറീസ്സാ, യു. പി., വെസ്റ്റു ബംഗാൾ തുടങ്ങിയ പല സ്ഥലങ്ങളിലും ലാൻഡു റിഫാംസു് വരുത്തിയെന്നു പറയുന്നുണ്ടു്. കൂടുതൽ വിവരങ്ങളിലേക്കു ഞാൻ കടക്കുന്നില്ല.

ശ്രീ. കെ. ഭാസ്കരൻ: ഈമാതിരി ലാൻഡു റിഫാംസു് ബിൽ കൊണ്ടു് ഉദ്ദേശിച്ച ഫലം ഉണ്ടായിട്ടില്ല എന്നും, സമഗ്രമായ ഒരു ഭൂപരിഷ്കരണ നിയമം ഇനിയും ഉണ്ടാകേണ്ടതായിട്ടാണു് ഇരിക്കുന്നതെന്നും കാൺഗ്രസു് പ്രസിഡൻറു മി. ധേബാർ പ്രസ്താവിച്ചിട്ടുള്ളതു് ഇതെല്ലാം കഴിഞ്ഞതിനുശേഷമാണു് എന്നുള്ളതും ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

ശ്രീ. ടി. എ. തൊമ്മൻ: അങ്ങനെ പലതും അറിയാം. ഞാൻ മി. കുഞ്ഞുണ്ണിനായർ ഉന്നയിച്ച കാര്യങ്ങൾക്കു് മറുപടി പറയുകയായിരുന്നു.

ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ : സർ, ഞാൻ ചോദിച്ചതു ഈ ഭൂമി കയ്യേറ്റക്കാരെ കൊടുക്കുന്ന ഒരു നിയമം ഏതെങ്കിലും സ്റ്റോറിൽ വന്നിട്ടുണ്ടോ എന്നാണു് പാട്ടം കൊടുക്കാതെകണ്ടു ഗവണ്മെൻറു മദ്ധ്യവർത്തികളെ ഒഴിപ്പിച്ചുകൊണ്ടു നിയമം പാസ്സാക്കിയിട്ടുണ്ടോ എന്നാണു്?

ശ്രീ. ടി. എ. തൊമ്മൻ : ഞാൻ വേണമെങ്കിൽ ഈ പുസ്തകം ബഹുമാനപ്പെട്ട മെമ്പർക്കു വായിക്കാൻ തരാം. ഈ പുസ്തകത്തിൽനിന്നു് ഇങ്ങനെയുള്ള നിയമങ്ങളും പാസ്സാക്കിയിട്ടുണ്ടെന്നു മനസ്സിലാക്കാം.

ശ്രീ. എം. നാരായണക്കുറുപ്പു്: അന്നു കാഷ്ടികബന്ധ നിയമം ഉണ്ടാക്കിയതുതന്നെ മറ്റു സംസ്ഥാനങ്ങളിലെ ഇതുമാതിരിയുള്ള നിയമങ്ങളിൽ നിന്നും പല വ്യവസ്ഥകളും കടം വാങ്ങിയിട്ടാണെന്നുള്ള കാര്യം അറിയാമോ ?

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ അതു നിഷേധിക്കുകയാണു്. അങ്ങനെ കടമൊന്നും വാങ്ങിയിട്ടില്ല.

ശ്രീ. ടി. എ. തൊമ്മൻ : കേരളത്തിലെ കാഷ്ടികബന്ധ നിയമം അവിയലു് പോലെ ഉണ്ടാക്കിയിട്ടുള്ള ഒരു നിയമമാണു്. പല സംസ്ഥാനങ്ങളിലെ നിയമങ്ങളിൽ നിന്നും പല വകുപ്പുകളും എടുത്താണു് അതു ഉണ്ടാക്കിയിരിക്കുന്നതു്. അതിനു് കമ്മ്യൂണിസ്റ്റു ഗവണ്മെൻറിനെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. ഏതൊരു നിയമം ഉണ്ടാക്കുമ്പോഴും ഇതര സംസ്ഥാനങ്ങളിലെ നിയമങ്ങളും നാം മാതൃകയായി സ്വീകരിക്കാറുണ്ടു്. ഭൂനയ ബില്ലിലും ചെയ്തിരിക്കുന്നതു ഇങ്ങനെയാണു്. പുതിയ ലാൻഡു റിഫാംസു് ബിൽ നടപ്പിലാക്കുന്ന കാര്യത്തെപ്പറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ സ്റ്റോറിലെ എല്ലാ വശങ്ങളും അറിവുള്ള കാര്യമാണു് പഴയ നിയമം ഭരണഘടനാ വിരുദ്ധമാണെന്നു ഹൈക്കോടതി വിധിച്ചിട്ടുണ്ടെന്നും അതുകൊണ്ടു് അതു നടപ്പിലാക്കുവാൻ സാധ്യമല്ലെന്നും.

ശ്രീ. എം. വി. വാസു : അതിലെ ഒന്നോരണ്ടു വകുപ്പുകളും മാത്രമല്ലേ ഭരണഘടനാവിരുദ്ധമാണെന്നു ഹൈക്കോടതി പറഞ്ഞിട്ടുള്ളു. അതേസമയത്തു പാട്ടം നിശ്ചയിക്കുന്നതിനും പല വകുപ്പുകളും സസ്പെൻറു ചെയ്യാൻ നടപടി എടുത്തതു എന്തിനാണു്?

ശ്രീ. ടി. എ തൊമ്മൻ : പഴയ നിയമത്തിൽ മലബാർ പ്രദേശത്തുള്ളവർക്കും തിരുവിതാംകൂറിലേയും കൊച്ചിയിലേയും പണ്ടാരവക ഭൂമിയേയും ബന്ധിക്കുന്ന ഭാഗമാണു് അസാധുവെന്നു കോടതി പറഞ്ഞിട്ടുള്ളതു്,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ ഗൗരി: അങ്ങനെയാണെങ്കിൽ മലബാർ പ്രദേശത്തെ റയട്ടവാറിയേയും തിരുവിതാംകൂർ—കൊച്ചിയിലെ പണ്ടാരവക ഭൂമിയേയും ഉൾപ്പെടുത്താതെയുള്ള ഈ നിയമവും ഭരണഘടനാവിരുദ്ധമാവുകയും അതു നടപ്പിൽ വരുത്തുവാൻ സാധിക്കാതെ വരികയും ചെയ്യുകയില്ലേ ?

ശ്രീ. ടി. എ. തൊമ്മൻ : അതുകൊണ്ടാണല്ലോ ഈ നിയമത്തെ ഭരണ ഘടനയ്ക്ക് ബാധകമാക്കുന്ന 9—ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്ന നിവേദനം നടത്തിയിട്ടുള്ളതു്.

ശ്രീമതി കെ. ആർ. ഗൗരി : അതു നടപ്പാക്കാൻ പോകുന്നില്ലല്ലോ ?

ശ്രീ. ടി. എ. തൊമ്മൻ : അങ്ങനെ ശപിക്കാതിരിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണു്.

ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ : ഈ ഗവണ്മെൻറു കൊണ്ടുവന്നിട്ടുള്ള നിയമം 9—ാം ഷെഡ്യൂളിൽ പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ ?

ശ്രീ. ടി. എ. തൊമ്മൻ : അതിനുവേണ്ടി കേന്ദ്രഗവണ്മെൻറിനോടപേക്ഷിച്ചിട്ടു എത്രയോ മാസമായി. മി. കുഞ്ഞുണ്ണിനായർ ഈരാജ്യം വിടുന്നതിനു മുമ്പുതന്നെ അതിനുവേണ്ടി ആവശ്യപ്പെട്ടതാണു്. അദ്ദേഹം റഷ്യയിൽ പോകുന്നതിനുമുമ്പുതന്നെ 9—ാം ഷെഡ്യൂളിൽ പെടുത്തണമെന്ന നിവേദനം നടത്തിയതാണു്. ഇതിനെപ്പറ്റി എനിക്കു പറയാനുള്ളതു് ഈ ആക്ടിലെ ഏതെല്ലാം വകുപ്പുകളാണു് നടപ്പിലാക്കുവാൻ സാധിക്കുന്നതു്, എങ്ങനെയാണു് നടപ്പിലാക്കുക, ഭരണഘടനാവിരുദ്ധമായിട്ടു എന്തെങ്കിലും ഉണ്ടോ എന്നുള്ള കാര്യങ്ങളെ സംബന്ധിച്ചു ഗവണ്മെൻറു ഗാഢമായി ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അതിൻെറ വെളിച്ചത്തിൽ അധികം താമസിയാതെ തീരുമാനം എടുക്കുന്നതാണു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: മദ്രാസു് ലാൻഡ് റിഫാം ആക്ടു് ഭരണഘടനാവിരുദ്ധമാണെന്നുള്ളതിൻെറ വെളിച്ചത്തിൽ നമ്മുടെ പാസ്സാക്കിയ നിയമത്തെ സംബന്ധിച്ചു എന്തു നിലപാടാണു് കൈക്കൊണ്ടിട്ടുള്ളതു് ?

ശ്രീ. ടി. എ. തൊമ്മൻ : നമ്മുടെ പാസ്സാക്കിയിട്ടുള്ള നിയമം 9—ാം ഷെഡ്യൂളിൽ പെടുത്തുകയാണെങ്കിൽ ഭരണഘടനാവിരുദ്ധമാണെന്നുള്ള നിലപാടു് പരിപൂർണ്ണമായും മാറും എന്നാണു് കരുതുന്നതു്. ഞാൻ പറഞ്ഞുകൊണ്ടുവന്നതു ഈ നിയമത്തിലെ ഏതെല്ലാം വകുപ്പുകളെ നടപ്പാക്കുവാൻ കഴിയുമെന്നും മറ്റുമുള്ള കാര്യങ്ങളെ സംബന്ധിച്ചു ഗവണ്മെൻറു ഗാഢമായി ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നാണു്. അധികം താമസിയാതെതന്നെ തീരുമാനം എടുക്കുന്നതാണു്. പോരെങ്കിൽ സംരക്ഷണനിയമം ഉള്ളതിൻെറ കാലാവധി ഈ മാസം 31—ാം തീയതി അവസാനിക്കുകയാണെന്നുള്ളതും ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. കർഷകർക്കു വൈഷമ്യങ്ങളും ഉണ്ടാകാതിരിക്കുവാൻ യുക്തമെന്നു തോന്നുന്ന നടപടികളും സ്വീകരിക്കുന്നതാണു്.

ശ്രീ. ഇ. പി. ഗോപാലൻ : മദ്രാസു് ഗവണ്മെൻറിനെ സംബന്ധിച്ചു ജഡ്ജ്മെൻറു നോക്കുമ്പോഴും നമ്മുടെ പാസ്സാക്കിയിട്ടുള്ള നിയമം നടപ്പാക്കിയിട്ടുണ്ടെങ്കിലും നിശ്ചയമായിട്ടും ഇന്നുവരെയുള്ള അനുഭവം വച്ചുനോക്കുകയാണെങ്കിൽ ഭരണഘടനാവിരുദ്ധമാകാനാണു് വഴി എന്നു കാണുന്നുണ്ടു്, അങ്ങനെയൊരു കണ്ടിൻജൻസി ഉണ്ടെന്നുള്ള കാര്യം പരിഗണിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എ. തൊമ്മൻ : അതുകൊണ്ടാണു് ഈവക കാര്യങ്ങളും പര്യാലോചിച്ചു വരുന്നുവെന്നു പറഞ്ഞതു്. ഏതായാലും കർഷകർക്കു യാതൊരു വിഷമവും ഉണ്ടാകാത്ത വിധത്തിൽ യുക്തമായ നടപടികളും സ്വീകരിക്കുന്നതാണെന്ന മാത്രമെ ഈ അവസരത്തിൽ എനിക്കു പറയുവാനുള്ളു.

രണ്ടാമതു ഇവിടെ വിശദീകരണം ഉണ്ടായതു ലാൻഡ് അസൈൻമെൻറു രംസിനെ സംബന്ധിച്ചാണു്, ലാൻറു അസൈൻമെൻറു രംസിനെ സംബന്ധിച്ചു പറയു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മ്പോഴം തിരു–കൊച്ചിക്കു പ്രത്യേകമായിട്ടും മലബാറിനു പ്രത്യേകമായിട്ടും ഉള്ള ലാൻറ് അസൈൻമെൻറ് റൂൾസാണു് ഉണ്ടായിരുന്നതു്. ഇവ രണ്ടുംകൂടി ഏകീകരിച്ചു കേരളാ ലാൻറ് അസൈൻമെൻറ് റൂൾസ് തയാറാക്കിയിട്ടുണ്ടു്. ഈ കഴിഞ്ഞ ഒരു ദിവസം ഈ നിയമസഭയിൽ ഉണ്ടായ ഒരു പ്രോദ്യത്തിനുത്തരമായി അന്നു മുതൽ ഒരു മാസത്തിനകം ലാൻറ് അസൈൻമെൻറ് റൂൾസ് ഫൈനലൈസ് ചെയ്യാൻ സാധിക്കുമെന്നു പറയുകയുണ്ടായി. ഇപ്പോഴും ഞാൻ അതുതന്നെയാണു് പറയുന്നതു്. മുന്നാഴ്ചക്കകം ലാൻറ് അസൈൻമെൻറ് റൂൾസ് ഫൈനലയിസ് ചെയ്യാൻ സാധിക്കുമെന്നു ഈ സഭയെ അറിയിക്കുകയാണു്. ലാൻഡ് അസൈൻമെൻറ് റൂൾസ് ഫൈനലൈസ് ചെയ്തുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ആ റൂൾസിലെ വ്യവസ്ഥകളെക്കുറിച്ചു കൂടുതലായി പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. എങ്കിലും ഭൂമി കൈവശം ഉള്ള ആളുകൾക്കു വിഷമം കൂടാതെ അവരുടെ കൈവശാവകാശം സ്ഥിരമായി ചില നിബന്ധനകൾ എർപ്പെടുത്തിക്കൊടുക്കത്തക്കവിധത്തിൽ വേണ്ട നടപടികളും എടുക്കുന്നതാണു്. ശ്രീ. ഭാസ്കരൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, വളരെയധികം ഭൂമി ഇവിടെ പതിച്ചുകൊടുക്കാനുണ്ടു്, അതിനു ഇപ്പോഴുള്ള സ്റ്റാഫ് മതിയാവുകയില്ല, കൂടുതൽ സ്റ്റാഫിനെ നിയമിക്കണം എന്നു്. ആ കാര്യവും ഗവണ്മെൻറിൻെറ മുമ്പേഉണ്ടു്. വേണ്ടിവന്നാൽ ലാൻഡ് അസൈൻമെൻറ് റൂൾസ് അനുസരിച്ചു ഭൂമി എത്രയുംവേഗം പതിച്ചുകൊടുക്കുന്നതിനുവേണ്ടി സ്പെഷ്യൽ സ്റ്റാഫിനെ നിയോഗിച്ചോ, മറ്റു വിധത്തിലോ ഉത്തേജിതമായ നടപടി നടത്തുന്നതാണു്.

ഇവിടെ പിന്നീടു വന്ന വിഷയം ബേസിക് ടാക്സ് ഈടാക്കുന്നതിനെ സംബന്ധിച്ചാണു്. ബേസിക് ടാക്സ് ഈടാക്കുന്നതു ഹൈക്കോടതി ഭരണഘടനാവിരുദ്ധമാണെന്നു കണ്ടു് ആ വിധിയുടെ അടിസ്ഥാനത്തിൽ ടാക്സ് ഈടാക്കുവാൻ നിവൃത്തിയില്ലാതെ വന്നതുകൊണ്ടു്, ടാക്സ് ഈടാക്കത്തക്കവിധത്തിൽ പുതിയ ബിൽ അവതരിപ്പിച്ചു. നിയമസഭ ആ ബിൽ അംഗീകരിച്ചു ഇപ്പോൾ സെലക്ററു കമ്മിറ്റിക്കു റിപ്പോർട്ടിനായി അയച്ചിരിക്കുകയാണു്. ഇതിനിടയ്ക്കു ബേസിക് ടാക്സ് ആക്ടിൻറ ഒൻപതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണെന്നു കാണിച്ചു് ഈ ഗവണ്മെൻറിൽനിന്നും നിവേദനം നടത്തിയിട്ടുണ്ടു്. അതിൻെറ ഫലം എന്തായി എന്നറിഞ്ഞുകൂടാ.

ശ്രീ. എം. വി. വാസു : പാലക്കാട്ടു ജില്ലയിൽ ബേസിക്ടാക്സ്വ്യവസ്ഥ റദ്ദ്ചെയ്ത ശേഷവും രണ്ടു് ലക്ഷം രൂപയോളം നികുതി പിരിച്ചിട്ടുണ്ടു്. കളക്ടർ റവന്യൂ ഉദ്യോഗസ്ഥന്മാർക്കും അംശം ഉദ്യോഗസ്ഥന്മാർക്കും നികുതി ഉടനടി വസൂലാക്കണമെന്നുള്ള സർക്കുലർ അയച്ചതിൻെറ ഫലമായിട്ടാണു് ഇങ്ങനെ ചെയ്യുവരുന്നതെന്നറിയുന്നതു ശരിയാണോ ?

ശ്രീ. ടി. എ. തൊമ്മൻ : ഇതുപോലെ ഒരു പ്രോദ്യത്തിനു ഏതാനും ദിവസങ്ങൾക്കുമുമ്പു ഞാൻ മറുപടി പറഞ്ഞിട്ടുണ്ടു്. ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ഞാൻ ആ ഉത്തരത്തിലേക്കു് ക്ഷണിക്കുകയാണു്.

ശ്രീ. പി. വി. കുഞ്ഞുണ്ണി നായർ : നിയമവിരുദ്ധമായി നികുതി പിരിക്കുവാൻ പാടില്ല എന്നുള്ള നിയമം എന്നാണു് നടപ്പിൽ വന്നിട്ടുള്ളതു് ?

ശ്രീ. ടി. എ. തൊമ്മൻ : ഈ പ്രോദ്യംതന്നെ നിയമവിരുദ്ധമായാണു് എനിക്കുതോന്നുന്നതു്.

ശ്രീമാൻ പി. രാമുണ്ണിക്കുറുപ്പു് ഇവിടെ ഉന്നയിക്കുകയുണ്ടായി പല കൊല്ലത്തെ നികുതികളെല്ലാംകൂടി ഒരുമിച്ചു പിരിച്ചുകഴിഞ്ഞാൽ കഷ്ടക്കു് വളരെയധികം വിഷമം ഉണ്ടാകുമെന്നു്. ആ കാര്യം മനസ്സിലാക്കിക്കൊണ്ടു തന്നെയാണു് ഇപ്പോൾ അടിസ്ഥാന നികുതി ആളുകൾ കൊടുക്കുകയാണെങ്കിൽ വാങ്ങാമെന്നു് ഗവണ്മെൻറിൽനിന്നും സർക്കുലർ അയച്ചിട്ടുള്ളതു്. കൊടുക്കേണ്ട സംഖ്യ അഡ്വാൻസായി വാങ്ങിച്ചു പ്രത്യേകമായി കണക്കിൽ ചേർക്കും. കൊല്ലം കഴിഞ്ഞു അടിസ്ഥാനനികുതിനിയമം നടപ്പിൽ വരുമ്പോൾ ഇപ്പോൾകൊടുക്കുന്ന സംഖ്യ ആകെയുള്ള സംഖ്യയിൽ വകവെച്ചുതീർക്കാവുന്നതാണു്. ഇങ്ങനെയൊരു വ്യവസ്ഥ സെലക്ററു കമ്മിറ്റിക്കു പോയ ബില്ലിലും ഉണ്ടു്. അതുകൊണ്ടു് കഷ്ടക്കു് സമ്മതമുള്ള പക്ഷം അടിസ്ഥാന നികുതി അവർ സ്വമനസ്സാലെ

[ശ്രീ. ടി. എ. തൊമ്മൻ]

കൊടുക്കുന്നപക്ഷം അതു സ്വീകരിക്കുവാൻ ഗവണ്മെൻറു തയാറാണു്. നിർബന്ധമായിട്ടുള്ള യാതൊരു പിരിവും നിയമവിരുദ്ധമായി നടത്താവുന്നതല്ല. ഇതിലേക്കു പ്രത്യേകം സർക്കുലർ അയച്ചിട്ടുള്ള കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽ പെടുത്തുകയാണു്.

സർ, പിന്നീടു് ഇവിടെ പറഞ്ഞ ഒരു കാര്യം സർവ്വെ സംബന്ധിച്ചാണു്. നമ്മുടെ സംസ്ഥാനത്തു് ആകെപ്പാടെ സർവ്വെചെയ്യാനുള്ള ഭൂമി 2,134 ചതുരശ്രമൈലാണു്. അതിൽ 1964 ജനുവരിവരെ 181.27 ചതുരശ്രമൈൽ സർവ്വെ ചെയ്തിട്ടുണ്ടു്. 1962–63–ൽ സർവ്വെ ഊർജ്ജിതപ്പെടുത്താൻവേണ്ടി രണ്ടു പാർട്ടിയെ നിയോഗിച്ചിരുന്നു. പഞ്ചവത്സരപദ്ധതിയിലെ ഒരു സ്കീമായിട്ടാണു് ഈ സർവ്വെ നടത്തിയതു്. 1963–64–ൽ ഒരു പാർട്ടിയെക്കൂടി കൂടുതലായി ഉപയോഗിച്ചിട്ടുണ്ടു്. 1964-65-ൽ ഇതിനും പുറമെ ഒരു പാർട്ടിയെക്കൂടി നിയോഗിക്കാൻ ഉദ്ദേശിക്കുകയാണു്. നാലാം പഞ്ചവത്സരപദ്ധതിയുടെ രണ്ടാംകൊല്ലം ആകുമ്പോഴേക്കും അതായതു് 1967-68 കൊണ്ടു് ഈ രാജ്യത്തുള്ള മുഴുവൻ അൺസർവേഡു് ലാൻഡ്സും സർവ്വെചെയ്യണമെന്നാണു് ഉദ്ദേശിക്കുന്നതു്. അതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണു്. ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ ദേവികുളത്തെ കാർഡമം ലാൻഡിനെറ കാര്യം പറയുകയുണ്ടായി. അവിടെ ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിരുന്നു. അദ്ദേഹം ഇപ്പോൾ അവിടെയില്ല. അതിനു പകരമായി അവിടത്തെ ആർ. ഡി. ഓ. സ്പെഷ്യൽ ആഫീസറുടെ ചുമതല ഏറെറടുത്തിരിക്കുകയാണു്. ഈ സർവ്വെ സംബന്ധിച്ചു് ഊർജ്ജിതമായ നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണു്. അവിടെയുള്ള കർഷകർക്കു് യാതൊരുവിധത്തിലുള്ള വൈഷമ്യങ്ങളും കൂടാതെ നടപടികളും നടത്താനാണു് ഗവണ്മെൻറു് ആഗ്രഹിക്കുന്നതു്. ശ്രീ. കെ. ടി. തോമസു് പറയുകയുണ്ടായി അവിടെയുള്ള ഉദ്യോഗസ്ഥന്മാർ 1959-നു് മുമ്പുള്ള ചില കാർഡമം കൃഷിയെ 1959 ന ശേഷമുള്ള കൃഷിയായിട്ടു് തീരുമാനിക്കുന്നുണ്ടെന്നു്. ഈ തീരുമാനം മറു ഉദ്ദേശത്തോടുകൂടിയാണെന്നു്. വ്യക്തമായി ഏതെങ്കിലും കേസുകളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ നിർദ്ദാക്ഷിണ്യമായ രീതിയിൽ അവയെപ്പറ്റി നടപടികളെടുക്കുന്നതാണു്.

സർ, പൊതുവായി ഇവിടെ ഓരോരുത്തരും ഉന്നയിച്ച കാര്യങ്ങളെക്കുറിച്ചു് ഞാൻ ചുരുക്കത്തിൽ മറുപടി പറയാം. ശ്രീ. കുഞ്ഞുണ്ണി നായർ ട്രൈബൽ വിഷ്കരണത്തെപ്പറ്റി പറഞ്ഞപ്പോൾ റീ ഹാബിറേഷൻ ഫണ്ടിന്റെ കാര്യത്തെക്കുറിച്ചു് പറയുകയുണ്ടായി. കേന്ദ്രത്തിനോടു് വാങ്ങണമെന്നാണു് അദ്ദേഹത്തിന്റെ നിർദ്ദേശം. കേന്ദ്രത്തിൽനിന്നും ആവശ്യമായ സഹായം കിട്ടുന്നതിനു് ഇവിടെ ഭരണം നടത്തിയ ഓരോ ഗവണ്മെൻറും മാറിമാറി ആവശ്യപ്പെട്ടിട്ടുണ്ടു്. കമ്മ്യൂണിസ്റ്റു ഗവണ്മെൻറിന്റെ കാലത്തും നിവേദനം നടത്തിയിട്ടുണ്ടു്. അക്കാര്യങ്ങളെക്കുറിച്ചു് ഇവിടെ പല പ്രാവശ്യം മുൻ റവന്യൂമന്ത്രി പറഞ്ഞിട്ടുള്ളതാണു്. കേന്ദ്രത്തിൽനിന്നു് യാതൊരു സഹായവും സിദ്ധിക്കുന്നതല്ല. ഇനിയും ആവർത്തിച്ചു് പറയണമെന്നു് വിചാരിക്കുന്നില്ല. പിന്നീടു് ഇവിടെ ടാക്സു് അരിയേഴ്സു് ഈടാക്കുന്നതിനെപ്പറ്റി പറയുകയുണ്ടായി. അരിയേഴ്സു് ഈടാക്കുന്നതിൽ ആവശ്യമായ നടപടികളെടുക്കുന്നില്ലെന്നും അതിനു് ഊർജ്ജിതം പോരായെന്നുമെല്ലാം ചില അംഗങ്ങൾ പറയുകയുണ്ടായി. അരിയേഴ്സു് കർശനമായി ഈടാക്കേണ്ടതാണു് എന്നൊരഭിപ്രായവും, അരിയേഴ്സു് കർശനമായി ഈടാക്കരുതു് എന്നു് മറെറാരു അഭിപ്രായവും പൊന്തിവന്നു. ഈ സഭയിൽ പറഞ്ഞ രണ്ടഭിപ്രായങ്ങളും ഒരേ സമയത്തു് നടപ്പിലാക്കുവാൻ നിവൃത്തിയില്ല. ഗവണ്മെൻറിനു് ഈടാകേണ്ട സംഖ്യകൾ ഈടാക്കാതിരിക്കാൻ നിവൃത്തിയില്ല. അങ്ങനെ ഈടാക്കിയില്ലെങ്കിൽ ഇവിടത്തെ ഭരണം മുന്നോട്ടു കൊണ്ടുപോകാൻ പ്രയാസം നേരിടും. അതുകൊണ്ടാണു് അരിയേഴ്സു് ഈടാക്കുന്നതിനുള്ള നടപടികളും കർശനമായിട്ടുതന്നെ എടുത്തിട്ടുള്ളതു് അതിനുവേണ്ടി ഒരു സ്പെഷ്യൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടു്. അവരുടെ കാലാവധി കുറെ കൂടി നീട്ടികൊടുത്തിരിക്കുകയാണു്, ഇവിടെ പിന്നീടു

LIBRARY ARCHIVES Kerala Legislative Assembly

ന്നയിച്ച ഒരു പ്രശ്നം പണാപഹരണത്തെ സംബന്ധിച്ചാണു്. ഇന്നലെത്തന്നെ ഒരു ചോദ്യത്തിനുത്തരമായി ഇവിടെ പറഞ്ഞിട്ടുണ്ടു് പല കേസുകളിലും എൻ കുയറി പൂത്തിയായിട്ടുണ്ടെന്നു്. മിക്ക കേസുകളിലേയും സംഖ്യകൾ ഈടാക്കിയിട്ടുണ്ടു് ബാക്കി കേസുകളിലെ സംഖ്യകൾ ഈടാക്കുവാൻ നടപടികളെടുത്തിട്ടുണ്ടു്. പാലക്കാടു് ജില്ലയിലെ വാട്ടർ സെസ്സിന്റെ കാര്യം ഇവിടെ പറയുകയുണ്ടായി. വാട്ടർ സെസ്സു് ഈടാക്കുന്നതിനു് പ്രത്യേക നിയമംതന്നെയുണ്ടു്. ആ നിയമം അനുസരിച്ചു്, വെള്ളം ഏതെങ്കിലും കൃഷിക്കാരനു് കിട്ടിയില്ലെങ്കിൽ, ആ കൃഷിക്കാരൻ കളക്ടറുടെ അടുക്കൽ വെള്ളം കിട്ടിയില്ലെന്നു് കാണിച്ചു് അപേക്ഷ കൊടുക്കണം. ആ അപേക്ഷയിന്മേൽ അന്വേഷണം നടത്തി റമിറ്റു ചെയ്യാനുള്ള നടപടികളെടുക്കുന്നതാണു്, കളക്ടർ.

ശ്രീ. എം. വി. വാസു : വെള്ളം കിട്ടാത്ത കൃഷിക്കാർ പാലക്കാടു് ജില്ലയിലെ കളക്ടറെ സമീപിക്കുകയും അതിനുള്ള അപേക്ഷ ബോധിപ്പിക്കുകയും ചെയ്തു. എന്നിട്ടും അവരുടെ സാധനങ്ങളും മറ്റും വാട്ടർ സെസ്സിനുവേണ്ടി ജപ്തിചെയ്യുന്നതായിട്ടറിയാമോ ?

ശ്രീ. ടി. എ. തൊമ്മൻ : ഗവണ്മെന്റിന്റെ ശ്രദ്ധയിൽ അക്കാര്യം പെട്ടിട്ടില്ല.

ശ്രീ. എ. കെ. രാമൻകുട്ടി: കൃഷി ഉണങ്ങിപ്പോയ കർഷകർക്കും റിലീഫു് എന്നുള്ള നിലയിൽ ഗവണ്മെന്റിൽനിന്നും എന്തെങ്കിലും കൊടുക്കുമോ ?

ശ്രീ. ടി. എ. തൊമ്മൻ : കളക്ടറുടെ അടുക്കൽ വെള്ളം കിട്ടുന്നില്ലെന്നുള്ളതിനു് അപേക്ഷ കൊടുത്താൽ, അതനുസരിച്ചു് ആവശ്യമായ നടപടികളും എടുക്കുന്നതാണു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : തൃശ്ശൂർ ജില്ലയിൽനിന്നും ഇപ്പോൾ വാട്ടർ ടാക്സു പിരിക്കുന്നതിനെ സംബന്ധിച്ചു് എന്തെങ്കിലും നടപടി നടത്തുമോ? ഇന്നലെ നാലഞ്ചു വീടുകളിൽനിന്നും വാട്ടർ ടാക്സിനുവേണ്ടി സാധനങ്ങൾ ജപ്തി ചെയ്യുകയുണ്ടായിട്ടുണ്ടു്.

ശ്രീ. ടി. എ. തൊമ്മൻ : തൃശ്ശൂർ ജില്ലയിൽനിന്നും ജലനികുതി പിരിക്കുന്നതിനെ സംബന്ധിച്ചു് എന്തെങ്കിലും വൈഷമ്യം ഉണ്ടെങ്കിൽ അതു് പരിഹരിക്കാൻ എന്താണു് മാർഗ്ഗം എന്നു് ചൂണ്ടിക്കാണിച്ചാൽ അതിലേക്കു വേണ്ട നടപടികളും സ്വീകരിക്കാവുന്നതാണു്. ഗവണ്മെന്റിനു് കിട്ടേണ്ട സംഖ്യ ഈടാകണമെന്നേയുള്ളൂ. ശ്രീ. പി. അബ്ദുൽ മജീദു് ഈ വകുപ്പു് ഒരു തുരുമ്പു പിടിച്ച യന്ത്രമാണെന്നു പറയുകയുണ്ടായി. അതൊരു അലങ്കാരിക രോഷ മാത്രമാണു് കർബലാ മൈതാനത്തിന്റെ കാര്യം പ്രത്യേകം പറയുകയുണ്ടായി. ആ പ്രശ്നം എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റു് ഇപ്പോൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് അക്കാര്യം എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ ചുമതല വഹിക്കുന്ന മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : സ്ഥലം പതിച്ചുകൊടുക്കുന്നതു് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള കാര്യമല്ലല്ലോ ?

ശ്രീ. ടി. എ. തൊമ്മൻ : ഇപ്പോൾ സ്കൂൾ അനുവദിക്കണമെന്നുള്ള പ്രശ്നമാണു് അവിടെയുള്ളതു്. സ്കൂളിനു് അപേക്ഷ കൊടുത്തിട്ടുണ്ടോയെന്നറിയാമോ ?

ശ്രീ. കെ. ഹസ്സൻ ഗനി : സ്കൂളിനു് അപേക്ഷ കൊടുത്തിട്ടുണ്ടു്. എന്നാൽ ആ സ്ഥലം പതിച്ചുകൊടുക്കുന്നതു് റവന്യൂ ഡിപ്പാർട്ടുമെന്റല്ലേ ?

ശ്രീ. ടി. എ. തൊമ്മൻ ? ഇപ്പോൾ സ്കൂളിന്റെ പ്രശ്നമാണു് അവിടെയുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : എന്താവശ്യത്തിനായാലും ശരി ഭൂമി പതിച്ചുകൊടുക്കുന്നതു് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയാണു്. അവരുടെ ആർഗ്യുമെന്റനുസരിച്ചാണു് മറ്റു ഡിപ്പാർട്ടുമെന്റുകളുടെ ആവശ്യത്തിനു ഭൂമി പതിച്ചുകൊടുക്കേണ്ടതു്.

ശ്രീ. ടി. എ. തൊമ്മൻ : ഇപ്പോഴും അവിടെ സ്കൂളിനുവേണ്ടിയുള്ള അപേക്ഷയാണു് ബോധിപ്പിച്ചിരിക്കുന്നതു്. അതിലേക്കുള്ള പേപ്പർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലേക്കു് പോയിരിക്കുകയാണു്.

ശ്രീ. പി. കെ. കുഞ്ഞു് : കർബലാ മൈതാനം മുതൽ നൂറിയൻപതു് വർഷങ്ങൾക്കു മുമ്പു് ഒരു പ്രത്യേക സമുദായത്തിന്റെ വശം ഇരിക്കുന്നതാണെന്നു് മൻറവന്യമന്ത്രി ഈ സഭയിൽ പറഞ്ഞിട്ടുള്ളതു് അറിയാമോ ?

ശ്രീ. ടി. എ. തൊമ്മൻ : അങ്ങനെ മൻമന്ത്രി പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ അതു് പ്രസ്താവിച്ചിട്ടുണ്ടു്.

Mr. Speaker : Order, order. We are not here to decide that question.

ശ്രീ. ടി. എ. തൊമ്മൻ : ഇവിടെ താലൂക്കു് പുനഃസംഘടനയെക്കുറിച്ചു് പറയുകയുണ്ടായി. ആ കാര്യം ഇക്കൊല്ലം നടപ്പിലാക്കാൻ നിവൃത്തിയില്ലെന്നു മാത്രമേ എനിക്കു പറയുവാൻ നിവൃത്തിയുള്ളു. ചില കളക്ടറന്മാരുടെ പ്രവർത്തനത്തെക്കുറിച്ചു് ഇവിടെ പറയുകയുണ്ടായി. ഇന്നു കാലത്തുതന്നെ ഒരു ചോദ്യത്തിനുത്തരമായി ഒരു ബാർ കൗൺസിൽ ഉന്നയിച്ച കേസിനെ സംബന്ധിച്ചു് മുഖ്യമന്ത്രി പറയുകയുണ്ടായി. ഗവണ്മെൻറിനേയും ബോർഡു ഓഫു് റവന്യൂവിനേയും ഉത്തരവുകളെ ധിക്കരിച്ചുകൊണ്ടു് കളക്ടറന്മാർ പ്രവർത്തിക്കുന്നുണ്ടെന്നു പറഞ്ഞുകേട്ടു. വ്യക്തമായി അക്കാര്യം ചൂണ്ടിക്കാണിച്ചാൽ അതിനാവശ്യമായ നടപടികളെടുക്കാവുന്നതാണു്. ശ്രീ. എം. വി. വാസുലാൻഡു് റിഫാംസു് ബില്ലിന്റെ ചർച്ചാ സമയത്തു് ഉന്നയിക്കേണ്ടിയിരുന്നതും ഉന്നയിക്കാവുന്നതും ആയ പ്രശ്നങ്ങളാണു് പ്രധാനമായും ഇവിടെ പറഞ്ഞതു്. വാട്ടർ സെസിനെപ്പറ്റി പറഞ്ഞിട്ടുള്ളതിനു് ഞാൻ മറുപടി പറഞ്ഞിട്ടുണ്ടു്. അട്ടപ്പാടിയുടെ കാര്യം പറഞ്ഞതു് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വരുന്നതല്ല. അതിനു് ഇപ്പോഴും മറുപടി പറയേണ്ട ആവശ്യമില്ല. എങ്കിലും അവിടെയും സർവ്വെ നടത്തി തുടങ്ങിയിട്ടുണ്ടു്, എന്നു് ആ മെമ്പറെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ സംസ്ഥാനത്തിലെ വില്ലേജു് ഉദ്യോഗസ്ഥന്മാർ പെരുമാറ്റത്തിൽ കുറെകൂടി മര്യാദ പാലിക്കണമെന്നു് ശ്രീ. കെ. ആർ. വിജയൻ സൂചിപ്പിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ ജോലിചെയ്യുന്നവരും, ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്നവരുമാണു് നമ്മുടെ സ്റ്റേറ്റിലെ വില്ലേജു് ഉദ്യോഗസ്ഥന്മാരെന്നു് എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണു്. ഏതെങ്കിലും വില്ലേജു് ഉദ്യോഗസ്ഥന്റെ പെരുമാറ്റംമൂലം ബുദ്ധിമുട്ടുണ്ടായതായി ചൂണ്ടിക്കാണിച്ചാൽ അതിനാവശ്യമായ നടപടികളെടുക്കാവുന്നതാണു്. പതിനാറു നെല്ലിമരത്തിനു പകരം പതിനാറു പുളിമരം എന്നു് എഴുതികൊണ്ടുപോയ ഒരു വില്ലേജു് ഉദ്യോഗസ്ഥന്റെ കാര്യം ശ്രീ. ഭാർഗ്ഗവൻ പറയുകയുണ്ടായി. അങ്ങനെ നെല്ലിമരം പുളിമരമാക്കിയ ഉദ്യോഗസ്ഥന്റെ പേരു് അറിഞ്ഞാൽ ആ കാര്യത്തെപ്പറ്റി അന്വേഷിക്കുന്നതാണു്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള ചില നടപടികളും സ്വീകരിക്കണമെന്നു് എന്റെ സ്നേഹിതൻ ശ്രീ. കെ. എം. ജോർജ്ജു് സൂചിപ്പിക്കുകയുണ്ടായി. കേസു് ഇപ്പോഴും ഹൈക്കോടതിയിൽ ഇരിക്കുന്നതുകൊണ്ടു്, ഹൈക്കോടതിയുടെ വിധിയുണ്ടാകുന്നതിനുമുമ്പു് ഗവണ്മെൻറിൽനിന്നു് എന്തെങ്കിലും നടപടികളും സ്വീകരിക്കുന്നതു് ശരിയാണോയെന്നു് സംശയിക്കുകയാണു്. കർഷകർക്കുള്ള വൈഷമ്യങ്ങളും കുറയ്ക്കുന്ന രീതിയിൽ ആവശ്യമായ നടപടികളും ഈ ഗവണ്മെൻറിൽനിന്നും സ്വീകരിക്കുന്നതാണു് എന്നു വ്യക്തമാക്കുവാൻ ഞാൻ ആഗ്ര

LIBRARY ARCHIVES Kerala Legislative Assembly

ഹിക്കുന്നു സർ, ഇവിടെ മറ്റു പല കാര്യങ്ങളും ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞിട്ടുണ്ടെങ്കിലും അവയ്ക്കൊന്നും മറുപടി പറയാൻ സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല. ബഹുമാനപ്പെട്ട മെമ്പറന്മാർ ഉന്നയിച്ച കാര്യങ്ങളെപ്പറ്റി ആവശ്യമായ എല്ലാ നടപടികളും ഗവണ്മെൻറിൽനിന്നും എടുക്കുന്നതാണെന്നു് എല്ലാവർക്കും ഉറപ്പു തന്നുകൊള്ളുന്നു. ഈ ഡിമാൻറു പാസ്സാക്കി തരണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. Speaker: Mr. Narayanan, do you press the cut motion ?

Shri K. V. Narayanan: Sir, I do press it :

The Cut Motion, was put and lost.

Shri E. P. Gopalan: Sir, I demand a poll.

A poll was taken when the House divided as follows :

Ayes—39.

1	Shri C. Achutha Menon	22	Shri P. K. Kunjachan
2	,, P. C. Adichan	23	,, P. K. Kunju
3	Smt. K. O. Aisha Bai	24	,, K. V. Narayanan
4	Shri M. Alikunju Sastri	25	,, P. K. Narayanan Nambiar
5	,, P. Balachandra Menon	26	,, T. C. Narayanan Nambiar
6	,, C. K. Balakrishnan	27	,, N. Neelakantaru Pandarathil
7	,, N. E. Balaram	28	,, P. C. Raghavan Nair
8	,, K. Bhargavan	29	,, T. K. Ramakrishnan
9	,, D. Damodaran Potti	30	,, A. K. Ramankutty
10	,, E. P. Eapen	31	,, P. Ramunni Kurup
11	,, E. P. Gopalan	32	,, P. Ravindran
12	Smt. K. R. Gouri	33	,, E. M. Sankaran Namboodiripad
13	Shri K. V. John	34	,, Ponnara G. Sreedhar
14	,, O. Koran	35	,, P. S. Srinivasan
15	,, K. Krishnan	36	,, R. Sugathan
16	,, M. Krishnan	37	,, M. M. Sundaram
17	,, R. Krishnan	38	,, M. V. Vasu
18	,, K. Krishna Pillai	39	,, P. Viswambharan
19	,, S. Kumaran		
20	,, P. M. Kunhiraman Nambiar		
21	,, P. V. Kunhunni Nayar		

Noes—57.

1	Shri P. K. Abdulkadir	12	Shri G. Chandrasekhara Pillai
2	,, K. C. Abraham	13	,, P. C. Cherian
3	,, M. C. Abraham	14	Shri K. A. Damodara Menon
4	,, K. T. Achuthan	15	,, T. A. Dharmaraja Iyer
5	,, K. K. Balakrishnan	16	,, P. R. Francis
6	,, P. C. Balakrishnan Nambiar	17	,, K. M. George
7	,, R. Balakrishna Pillai	18	,, P. Gopalan
8	,, T. O. Bava	19	,, Malethu Gopinatha Pillai
9	Dr. K. M. Chacko	20	,, M. P. Govindan Nair
10	Shri P. Chacko		
11	,, P. T. Chacko		

LIBRARY ARCHIVES Kerala Legislative Assembly

21	Shri A. L. Jacob	39	Shri T. Murugesan
22	,, C. G. Janardhanan	40	Smt. A. Nafeesath Beevi
23	,, P. S. Karthikeyan	41	Shri M. Narayana Kurup
24	,, K. G. Karunakara Menon	42	,, Kuroor Neelakantan Namboodiripad
25	,, K. Kochukuttan	43	,, C. F. Pereira
26	,, P. R. Krishnan	44	,, E. P. Poulose
27	,, N. S. Krishna Pillai	45	,, R. Raghava Menon
28	,, P. Kumaran	46	,, M. Ravindranath
29	,, K. Kunhambu	47	,, R. Sankar
30	,, C. Kunhikrishnan Nair	48	Smt. O. T. Sarada Krishnan
31	,, M. Kunhikannan Nambiar	49	,, K. R. Saraswathi Amma
32	,, N. Kunjuraman	50	Shri Shamsuddin
33	Smt. Kusumam	51	,, C. M. Stephen
34	,, Leela Damodara Menon	52	,, K. T. Thomas
35	Shri P. Madhavan	23	,, Thomas John
36	,, V. Madura	54	,, T. A. Thomman
37	,, M. M. Mathai	55	,, P. P Ummer Koya
38	,, C. A. Mathew	56	,, K. R. Vijayan
		57	,, K. K. Viswanathan

Neutrals—5

1	Shri P. Abdul Majeed	4	Shri K. Moideenkutty Hajee
2	,, K. Hassan Gani	5	,, V. P. C. Thangal
3	,, C. M. Kutty		

Mr. Speaker: For the motion—39 Against—57 Neutrals—5

The cut motion is lost.

Do you press your cut motion Mr. Ramunni Kurup?

Shri P. Ramunni Kurup : Yes, Sir :

The cut motion was put and lost.

Mr. Speaker : Do you press your Cut motion Mr. Hassan Gani?

Shri K. Hassan Gani : Yes, Sir :

The cut motion was put and lost.

The question that Government be granted a sum of Rs. 1,17,99,200 under Demand II—Land Revenue, was put and carried.

The grant was made.

Demand XIX—Medical

Minister for Public Health (**Shri M. P. Govindan Nair**): Sir, I move that Government be granted a sum of Rs. 5,20,29,300 under Demand XIX—Medical.

Minister for Harijan Welfare (**Shri K. Kunhambu**): I second it.

LIBRARY ARCHIVES Kerala Legislative Assembly